# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂവച്ചൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡി.റ്റി.വി.എം /ജി.പി6 /1840/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡി.റ്റി.വി.എം /ജി.പി6 /1840/2023 തീയ്യതി: 27/12/2023

## തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | 24-11-2023 | 01-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-11-2023 | 01-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രതാപ്കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി ബിന്ദുലത ബി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ ശ്രീജിത്ത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (പെൻ നമ്പർ 455538)

ശ്രീ ശ്രീജിത്ത് എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (പെൻ നമ്പർ 419889)

ശ്രീമതി പ്രിയദർശിനി എസ്.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ സനൽകുമാർ റ്റി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ പ്രവീൺ | സെക്രട്ടറി | 01-04-2022 | 13-10-2022 |
| ശ്രീ.സന്തോഷ്കുമാർ ജെ.എസ് | സെക്രട്ടറി | 14-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ഷീബ എസ് എൽ | മെഡിക്കൽ ഓഫീസർ,അലോപ്പതി | 01-04-2022 | 31-03-2023 |
| ശ്രീമതി ദിവ്യ വി എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി കല്യാണിക്കുട്ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 21-11-2022 |
| ശ്രീ ക്ലമന്റ്.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 21-11-2022 | 31-03-2023 |
| ശ്രീമതി മിനി.കെ.നായർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അഞ്ജന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ ജൂലി സി | വെറ്ററിനറി സർജൻ | 01-04-2022 | 08-04-2022 |
| ഡോ. വന്ദന | വെറ്ററിനറി സർജൻ | 09-04-2022 | 25-05-2022 |
| ഡോ ജൂലി സി | വെറ്ററിനറി സർജൻ | 26-05-2022 | 31-01-2023 |
| ഡോ. വന്ദന | വെറ്ററിനറി സർജൻ | 01-02-2023 | 31-03-2023 |
| ഡോ.ഇന്ദുലേഖ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.ലക്ഷ്മി പ്രിയ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി സീനത്ത് ബീവി എം | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി സവിത.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി നിഷ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2022 | 31-03-2023 |
| ശ്രീമതി നിഷ (ചാർജ്ജ്) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2022 | 08-05-2022 |
| ശ്രീ.അജ്മൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 09-05-2022 | 31-10-2022 |
| ശ്രീമതി പൂർണ്ണിമ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-11-2022 | 28-02-2023 |
| ശ്രീമതി ശ്രീദേവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 04-03-2023 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി അഭിജ സി.എ | അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 01-10-2022 | 13-11-2022 |
| ശ്രീമതി സുനിത | അസിസ്റ്റന്റ് സെക്രട്ടറി | 14-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു | 1-1-2 |
| 4 | തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി1 ഷെഡ്യൂൾ ലഭ്യമാക്കിയില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ട്രഷറി ബില്ലിലൂടെയുള്ള പിൻവലിക്കലിന് രസീത് രേഖപ്പെടുത്തിയില്ല | 1-1-5 |
| 7 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-6 |
| 8 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല | 1-1-7 |
| 9 | നൽകി മൂന്നുമാസത്തിലധികമായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-8 |
| 10 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-9 |
| 11 | ചെക്കുകൾ പണമാക്കിയിട്ടില്ല | 1-1-10 |
| 12 | തുക ചെലവു ചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവു ബുക്ക് ചെയ്തില്ല | 1-1-11 |
| 13 | വാർഷിക കണക്കുകളിലെ തുകകളും, അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നൽകുന്നില്ല. | 1-1-14 |
| 16 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-15 |
| 17 | രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-16 |
| 18 | മറ്റു അപാകങ്ങൾ | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം. | 1-5 |
| 23 | ക്ഷേമ പെൻഷനുകൾ. | 1-6 |
| 24 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 27 | മെറ്റീരിയൽ വിതരണം നടത്തിയ കരാറുകാർക്ക് തുക അനുവദിക്കുന്നതിലെ അപാകതകൾ– 83,850/- രൂപയുടെ അധിക ചെലവ് . | 1-9-1 |
| 28 | കരാറുകാരനിൽ നിന്നും GST TDS ഇനത്തിൽ ഈടാക്കേണ്ട 35,620/- രൂപ ഈടാക്കി Tds ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്. | 1-9-2 |
| 29 | MNREGS മുഖാന്തിരം നടപ്പിലാക്കുന്ന റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ അസിസ്റ്റന്റ് എൻജിനീയർ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവർത്തികളേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു- വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്. | 1-9-3 |

| | | |
|---|---|---|
| 30 | മെറ്റീരിയൽ സംഭരണം - വിതരണം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ് | 1-9-4 |
| 31 | സർക്കാർ നിർദേശിക്കുന്ന തരത്തിലുള്ള പരിശോധനകൾ നടത്തേണ്ടതാണ് | 1-9-5 |
| 32 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 33 | തനത് വരുമാനം - അവലോകനം. | 1-11 |
| 34 | ഓൺലൈൻ ആപ്ലിക്കേഷനുകളിലൂടെ ലഭ്യമാകുന്ന തുകകൾ സമയബന്ധിതമായി ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ ലഭിക്കുന്നില്ല | 1-12 |
| 35 | ചെക്കുകൾ പണമാക്കിയിട്ടില്ല - | 1-13 |
| 36 | ലേലം - ജി എസ്സ് റ്റി ഈടാക്കിയിട്ടില്ല. | 1-14 |
| 37 | 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 38 | വസ്തു നികുതി - അപാകതകൾ | 1-16 |
| 39 | ലൈസൻസ് അപാകതകൾ | 1-17 |
| 40 | വൻതുക വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നു. | 1-18 |
| 41 | കാട്ടാക്കട മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - നിരക്ക് നിശ്ചയിച്ചിട്ടില്ല. | 1-19 |
| 42 | പ്രവർത്തനമാരംഭിക്കാത്ത കട്ട യൂണിറ്റിന്റെ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഒടുക്കിയത് - 19499/- രൂപ തടസ്സം ചെയ്യുന്നു. | 1-20 |
| 43 | ചെലവിന്റെ ആധികാരികത വ്യക്തമല്ല – 25510/- രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു. | 1-21 |
| 44 | ശമ്പള കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ - 119435/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-22 |
| 45 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി - ചികിത്സാ സഹായം അനുവദിക്കുന്നത് - നടപടിക്രമം പാലിക്കുന്നില്ല. | 1-23 |
| 46 | ദുരതാശ്വാസ നിധി - ഇടപാടുകളിലെ ന്യൂനതകൾ | 1-24 |
| 47 | വിവിധ പ്രവർത്തികളുമായി ബന്ധപ്പെട്ട് ഭരണസമിതി നിർദേശിച്ച നടപടികളുടെ തുടർ വിവരം അറിയിക്കേണ്ടതാണ്. | 1-25 |
| 48 | റോഡ് കോൺക്രീറ്റിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി-ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ് | 1-26 |
| 49 | ഇ ടെൻഡർ ഫീ തുകകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ് | 1-27 |
| 50 | രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക 65,496/- രൂപ തടസപ്പെടുത്തുന്നു | 1-28 |
| 51 | ലാപ്പ്ടോപ്പ് വാങ്ങൽ പ്രോജക്റ്റ് - തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-29 |
| 52 | ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകങ്ങൾ | 1-30 |
| 53 | പദ്ധതി തുക ഉപയോഗിച്ച് സൃഷ്ടിച്ചിട്ടുള്ള ആസ്തികൾ നിഷ്ക്രിയമായി തുടരുന്നു. | 1-31 |
| 54 | ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൌണ്ടിൽ നിലനിറുത്തിയിരിക്കുന്നു | 1-32 |
| 55 | മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു | 1-33 |
| 56 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, പണമാക്കാത്ത ചെക്കുകൾ എന്നിവയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-34 |
| 57 | രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല | 1-35 |
| 58 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു | 1-36 |
| 59 | FHC – യ്ക്ക് മരുന്ന് വാങ്ങൽ – സർവ്വീസ് ചാർജ്ജ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് | 1-37 |
| 60 | സറ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 1-38 |
| 61 | വിവധ പ്രോജക്റ്റുൾ -രജിസ്റ്റർ പരിപാലനം പൂർണ്ണമല്ല | 1-39 |
| 62 | ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-40 |
| 63 | പി എം എ വൈ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-41 |
| 64 | വെറ്റിനറി സർജ്ജൻ–ക്യാഷ് ബുക്ക് പരിപാലനം - അപാകത | 1-42 |

| | | |
|---|---|---|
| 65 | കെട്ടിടങ്ങൾക്ക് വാടക അനുവദിക്കുന്നതിലെ അപാകങ്ങൾ | 1-43 |
| 66 | അംഗൻവാടികൾക്ക് ടെലിവിഷൻ വാങ്ങൽ – എം.എൽ.എ. ഫണ്ട് പാഴാക്കി - 8710/- രൂപ തടസ്സപ്പെട്ടുത്തുന്നു. | 1-44 |
| 67 | തെരുവ് വിളക്ക് അറ്റകുറ്റപണികൾ – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-45 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023 ലെ 4(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിയിലെ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ, വാർഷിക കണക്കുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. വരും വർഷങ്ങളിൽ പ്രസ്തുത പത്രികകൾ ഉൾപ്പെടുത്തുന്നതാണെന്ന പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-2 വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു

ഇൻകം & എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ചെലവു (316437455/-) വരവിലു (304077576/-) മധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-3 തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി1 ഷെഡ്യൂൾ ലഭ്യമാക്കിയില്ല

310900101 Excess Of Income Over Expenditure മുന്നിരിപ്പ് തുക (-)17336820/-രൂപയും, തൻ വർഷ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് (-)29286636/- രൂപയും ആണ്. Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് (ബി1 ഷെഡ്യൂൾ) ലഭ്യമാക്കിയില്ല.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (-11299480) എന്നത് Net Increase/decrease In Cash And Cash Equivalents (7825298) ുമായി പൊരുത്തപ്പെടുന്നില്ല. ആയത് എല്ലാ പഞ്ചായത്തുകളുടെയും പൊതുവായ പ്രശ്നമാണെന്നും, ഐ.കെ.എം. ന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതായും മറുപടി നൽകി.

### 1-1-5 ട്രഷറി ബില്ലിലൂടെയുള്ള പിൻവലിക്കലിന് രസീത് രേഖപ്പെടുത്തിയില്ല

സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം 08.02.2023 തീയതിയിൽ 360000/- രൂപ (ബിൽ നം.25) വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. വാർഷിക കണക്കുകളിൽ (ഐ6, ഐ14(D)) പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടില്ല. തുക തുടർവർഷ എ.എഫ്.എസ്. ൽ പ്രയർ പിരീഡ് ഹെഡിൽ ഉൾപ്പെടുത്തുന്നതാണെന്ന മറുപടി നൽകി.

### 1-1-6 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

എ) ഫെഡറൽ ബാങ്ക് (നം. 15490100140488) സി.എഫ്.സി. അക്കൌണ്ടിൽ 2022-23 സാമ്പത്തിക വർഷത്തിൽ 4,43,386/- രൂപ പലിശ വരവ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക 320200104 ഹെഡിൽ വരവായി ബുക്ക് ചെയ്യണമെന്നിരിക്കേ 171100101 തനതു അക്കൌണ്ടുകളുടെ പലിശ വരവ് ഹെഡിൽ ബുക്ക് ചെയ്തിരിക്കുന്നു.

ബി) 150110101 റസീറ്റ്സ് ഫ്രം സെയിൽ ഓഫ് ടെണ്ടർ ഫോം ഹെഡിൽ 43930/- രൂപ വരവ് ബുക്ക് ചെയ്തിട്ടുണ്ട്. ക്യാഷ് ആയി ലഭിച്ച ഫോറവില മാത്രമാണ് (എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതികളിലേതുൾപ്പെടെ) പ്രസ്തുത ഹെഡിൽ ബുക്ക് ചെയ്തിട്ടുള്ളത്.

### 1-1-7 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ബി 9 ഷെഡ്യൂളിൽ സെക്രട്ടറി, സ്ഥിരം, കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടുത്തുന്നതിനായി മാത്രമാണ് നിർദ്ദേശം നൽകിയിട്ടുള്ളത് എന്നും, മറ്റു ചെലവുകൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നൽകി.

### 1-1-8 നൽകി മൂന്നുമാസത്തിലധികമായിട്ടും പണമാക്കാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ഇഷ്യൂ ചെയ്ത് 3 മാസം കഴിഞ്ഞും പണമായി മാറാത്ത ചെക്കുകൾ സ്റ്റെയിൽ ചെക്കുകളായി ബുക്ക് ചെയ്തിട്ടില്ല. ഉദാഹരണത്തിന് ഐ.ഒ.ബി. തനതു അക്കൗണ്ടിലെ റീകൺസിലിയേഷൻ പത്രികയിൽ പണമായി പിൻവലിച്ചിട്ടില്ലാത്തതായി രേഖപ്പെടുത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന ചെക്കുകൾ, സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 152306 | 15-03-2022 | 4,620.00 |
| 152290 | 24-02-2022 | 1,650.00 |
| 152171 | 18-11-2021 | 775.00 |
| 028763 | 14-09-2021 | 630.00 |
| 151699 | 23-04-2021 | 237.00 |
| 152116 | 22-09-2021 | 250.00 |

| | | |
|---|---|---|
| 152163 | 08-11-2021 | 250.00 |
| 152263 | 07-02-2022 | 3,050.00 |
| 152587 | 17-12-2022 | 750.00 |
| 152587 | 17-12-2022 | 1,700.00 |

മേൽ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.

## 1-1-9 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

ആർ.പി.40(ബി) നേഷണലൈസ്ഡ് ബാങ്ക് അക്കൌണ്ട് ഓഫ് ഓൺ റവന്യൂ ഫണ്ട് അക്കൌണ്ടിലെ നീക്കിയിരിപ്പ് തുക 19011/- രൂപയാണ്. പ്രസ്തുത അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമായില്ല.

## 1-1-10 ചെക്കുകൾ പണമാക്കിയിട്ടില്ല

ഐ.ഒ.ബി. തനതു അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ 181790/- രൂപ പണമാക്കാത്ത ചെക്കുകളുടെ തുകയായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ 19 ചെക്കുകൾ കാലഹരണപ്പെട്ടവയാണ്. പണമാക്കാനവശേഷിക്കുന്ന ചെക്കുകൾ ഡ്യൂപ്ലിക്കേറ്റഡ് റസീറ്റ്സ് ആണോയെന്നു പരിശോധിച്ച് ഉറപ്പുവരുത്തി തുടർവർഷങ്ങളിലെ എ.എഫ്.എസ്. ൽ തിരുത്തലുകൾ വരുത്തുന്നതാണെന്നു മറുപടി ലഭ്യമാക്കി.

## 1-1-11 തുക ചെലവു ചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവു ബുക്ക് ചെയ്തില്ല

എ) സ്രോതസ്സിൽ ഈടാക്കപ്പെടുന്ന ജി.എസ്.റ്റി. വരവ് ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ജി.എസ്.റ്റി. റ്റി.ഡി.എസ്. ഹെഡുകളിൽ വരവു, ചെലവു രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി സെക്രട്ടറി നിർവഹണം ചെയ്ത പ്രോ. നം. 270/23 അംഗൻവാടികൾക്ക് ടെലിവിഷൻ വാങ്ങൽ പദ്ധതി പ്രകാരം 8710/- ജി.എസ്.റ്റി. റ്റി.ഡി.എസ്. ഇനത്തിൽ ഒടുക്കിയിട്ടുണ്ട്.

ബി). ചുവടെ ചേർക്കുന്ന പദ്ധതികളിലൂടെ തൻവർഷം ഗുണഭോക്തൃവിഹിതമിനത്തിൽ 627836/- രൂപ ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടുണ്ട്. ഇതിൽ 492836/- രൂപ വിനിയോഗിച്ചിട്ടുമുണ്ട്.

| പ്രോ. നം., പേര് | ലഭ്യമായ ഗുണഭോക്തൃവിഹിതം | ചെലവാക്കിയ ഗുണഭോക്തൃവിഹിതം |
|---|---|---|
| 169/23 വനിതാ ശിങ്കാരിമേളം സംഘത്തിന് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ എസ്.സി | 13400 | 0 |
| 30/23 വീടുകളിൽ ബയോകമ്പോസ്റ്റർ ബിൻ സ്ഥാപിക്കൽ | 121600 | 0 |
| 150/23 ഞങ്ങളും കൃഷിയിലേക്ക് പച്ചക്കറി കൃഷി ഗ്രോബാഗ് | 9700 | 9700 |
| 148/23 ഹരിത ഭവനം | 37500 | 37500 |
| 147/23 വാഴകൃഷി | 445636 | 445636 |

| | | |
|---|---|---|
| ആകെ | 627836 | 492836 |

എന്നാൽ വാർഷിക കണക്കുകളിൽ ഗുണഭോക്തൃവിഹിതം മുന്നിരിപ്പ് തുക 50/-, വരവ് തുക 512890 (ആർ.പി.30), ചെലവ് തുക 499540/- (ഐ6), നീക്കിയിരിപ്പ് 13400/- എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

സി) പോസ്റ്റ് മാറ്റുന്നതിനായി 2013 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ക്ക് നൽകിയ തുക 16000/- രൂപ ആസ്തി/ചെലവ് ഹെഡുകളിൽ ബുക്ക് ചെയ്യാതെ ബി8 ഡെപ്പോസിറ്റ്സ് - ഇലക്ട്രിക്കൽ ഹെഡിൽ ലയബിലിറ്റി ആയി രേഖപ്പെടുത്തിയിരിക്കുന്നു.
അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-12 വാർഷിക കണക്കുകളിലെ തുകകളും, അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

തനതു വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 6945501 | 5816049+2645 | 1183279 |
| സഞ്ചയ പ്രകാരം | 7296790 | 5852036 | 1117413 |

വസ്തു നികുതി അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 5045471 | 3170515 | 1678879 |
| സഞ്ചയ പ്രകാരം | 5013720 | 3170979 | 1690210 |

തൊഴിൽ നികുതി ജീവനക്കാർ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 2043060 | 2001810 | 0 |
| രജിസ്റ്റർ പ്രകാരം | 2045190 | 2034280 | 10910 |

തൊഴിൽ നികുതി ട്രേഡേഴ്സ് കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 317530 | 317530 | 0 |
| രജിസ്റ്റർ പ്രകാരം | 679380 | 531020 | 148360 |

തൊഴിൽ നികുതി ട്രേഡേഴ്സ് അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 43070 | 0 |
| രജിസ്റ്റർ പ്രകാരം | 48070 | 48070 | 0 |

ലൈസൻസ് ഫീ കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 306855 | 275605+31250 | 0 |
| രജിസ്റ്റർ പ്രകാരം | 365410 | 295210 | 70200 |

ലൈസൻസ് ഫീ അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 0 | 67615 | 0 |
| രജിസ്റ്റർ പ്രകാരം | 67615 | 67615 | 0 |

റെന്റ് ഫ്രം ബിൽഡിംഗ്സ് കറന്റ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| എ.എഫ്.എസ്. പ്രകാരം | 771374 | 521095 | 250279 |
| രജിസ്റ്റർ പ്രകാരം | 771374 | 517559 | 253819 |

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 32) വസ്തുനികുതിയുടെ സി.സി.ബി. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയ സമയത്തുള്ള സഞ്ചയ ഡി.സി.ബി. പ്രകാരമാണ് നൽകിയിട്ടുള്ളത് എന്നും, 31.03.2023 ന ശേഷം വസ്തുനികുതി അരിയർ ഒടുക്കുന്നതനുസരിച്ച് സഞ്ചയ ഡി.സി.ബി.യിൽ മാറ്റം ഉണ്ടാകുന്നുവെന്നും, അപാകത പരിഹരിക്കുന്നതിനായി ഐ.കെ.എം. ന കത്തു നൽകിയിട്ടുള്ളതായും മറുപടി നൽകി.

തൊഴിൽനികുതിയിനത്തിൽ എ.എഫ്.എസ്. ലെ തുകകളാണ് ശരിയെന്നും, രജിസ്റ്ററുകളിൽ ക്ലറിക്കൽ ഇററുകൾ വന്നിട്ടുണ്ടെന്നും മറുപടി നൽകി.

## 1-1-13 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. ആസ്തിയിനങ്ങളിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്താനായില്ല.

## 1-1-14 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ നൽകുന്നില്ല.

എല്ലാ സാമ്പത്തിക വർഷാരംഭത്തിലും ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി ഡിമാന്റ് വിവരങ്ങൾ ഐ.എൽ.ജി.എം.എസിൽ ബുക്ക് ചെയ്യേണ്ടതുണ്ട്. കൂടാതെ, ഓരോ മാസവും തൻ മാസം ഡിമാന്റ് ചെയ്ത വസ്തു നികുതി വിവരങ്ങളും ഐ.എൽ.ജി.എം.എസിൽ ബുക്ക് ചെയ്ത് ഡിമാന്റ് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ടെങ്കിലും അപ്രകാരം ബുക്ക് ചെയ്തിട്ടില്ല. ഉദാഹരണത്തിന് വസ്തു നികുതി ഡിമാന്റ് 31.03.2023 ൽ മാത്രമാണ് ഗ്രാമപഞ്ചായത്ത് ബുക്ക ചെയ്തിട്ടുള്ളത്.

## 1-1-15 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

ജേണലുകൾക്കൊപ്പം വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ഉദാഹരണമായി

എ) ജേണൽ നം.42201893 മുഖാന്തിരം 1139767/- രൂപ 160100681 ടോട്ടൽ സാനിട്ടേഷൻ കാമ്പയിൻ ഹെഡിലേക്ക് 31.03.2023 തീയതിയിൽ വരവു വച്ചിട്ടുണ്ട്.

ബി) . ജേണൽ നം.42201906മുഖാന്തിരം 499540/- രൂപ 160102601 ബനഫിഷറി കോൺട്രിബ്യൂഷൻ (യൂട്ടിലൈസ്ഡ്) ഹെഡിലേക്ക് 31.03.2023 തീയതിയിൽ വരവു വച്ചിട്ടുണ്ട്.

മേൽ ജേണലുകളുമായി ബന്ധപ്പെട്ട വൌച്ചറുകൾ, തുകയുടെ ചെലവു വിവരം തുടങ്ങിയ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല.

## 1-1-16 രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

തനതു വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ഉദാ- ലൈസൻസ് രജിസ്റ്റർ

## 1-1-17 മറ്റു അപാകങ്ങൾ

എ) ബാലൻസ് ഷീറ്റ് ബി3 റിസർവ്സ് ഷെഡ്യൂളിൽ 31211001 ബനഫിഷറി കോൺട്രിബ്യൂഷൻ യൂട്ടിലൈസ്ഡ് ഹെഡിൽ 6893303/- രൂപ ബുക്ക് ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

ബി) ഇ ടെണ്ടറുകളിൽ നിന്നും ലഭിച്ച ഫോറവില ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിൽ ലഭ്യമായതിനുള്ള രേഖകൾ ലഭ്യമായില്ല. വാർഷിക കണക്കുകളിൽ ലഭിക്കാനുള്ള ടെണ്ടർ ഫീയുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

സി) ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവ പ്രകാരം ഫെഡറൽ ബാങ്ക് (നം. 15490100140488) സി.എഫ്.സി. അക്കൌണ്ടിന്റെ 31.03.2023 ലെ നീക്കിയിരിപ്പ് 14032133/- രൂപയാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം പ്രസ്തുത നീക്കിയിരിപ്പ് 72,66,747/- രൂപയാണ്. വ്യത്യാസം 67,65,386/- രൂപ പൊരുത്തപ്പെടുത്തിയില്ല.

ഡി).എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി വിശദാംശങ്ങൾ വാർഷിക കണക്കുകളും, എം.ജി.എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ വാർഷിക ധനകാര്യ പത്രികയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

| | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ക്യാഷ് ബുക്ക് പ്രകാരം | 1701 | 2276745.5 | 2272912 | 5535 |
| വാർഷിക കണക്കുകൾ പ്രകാരം | 1701 | 2277675 | 2273902 | 3884 |

ക്യാഷ് ബുക്കിൽ വന്ന വ്യത്യാസം തുടർവർഷ എ.എഫ്.എസ്. ൽ പരിഹരിക്കുന്നതാണെന്ന മറുപടി നൽകി. വാർഷിക ധനകാര്യ പത്രികയിലെ വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

എഫ്) ഇ.എഫ്.എം.എസ്. സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് ആകെ വരവ്, ചെലവ് എന്നത് 105154000/- ആണ്. എന്നാൽ വാർഷിക കണക്കുകളിൽ വരവ് തുക 106216492/- (ഐ6) എന്നും, ചെലവ് തുക 106235344/- (ഐ14(സി)+ഐ14( എഫ് )) എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

ഇ) വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ ഉൾപ്പെടുത്തുന്നതാണെന്ന മറുപടി നൽകി.

എഫ്) സി.എഫ്.സി ഫണ്ട് സുലേഖ പ്രകാരമുള്ള ചെലവ് 7674238/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ ഐ6 പ്രകാരം പ്രസ്തുത തുക 9086863/- രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുത്തിയില്ല.
ജി) എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിലൂടെ നിർമ്മിക്കപ്പെട്ട റോഡുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റിയിട്ടില്ല. ആസ്തി മൂല്യത്തിനു തുല്യമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്കും മാറ്റിയിട്ടില്ല.
എച്ച്) വികസന ഫണ്ട് ഗഡുക്കളിൽ നിന്നും അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സർക്കാർ ആകെ 1883400/- (627800X3) രൂപ കുറവു ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവായി ഉൾപ്പെടുത്തുന്നതിലേക്കായി സുലേഖ പദ്ധതി തയ്യാറാക്കുന്നതിനു സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും 1255600 (627800X2) രൂപ മാത്രമാണ് സുലേഖയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. തുടർ സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതിയായി പ്രസ്തുത ചെലവ് ഉൾക്കൊള്ളിക്കുന്നതായി മറുപടി ലഭിച്ചിട്ടുണ്ട്.
ഐ) RP -40 (B), B -17 എന്നിവ പ്രകാരം ഡിസ്ട്രസ് റിലീഫ് ഫണ്ടിന്റെ ( അക്കൗണ്ട് നമ്പർ – 67387490348) നീക്കിയിരിപ്പ് തുക 47821/- രൂപയാണ്. പ്രസ്തുത അക്കൗണ്ടിന്റെ നീക്കിയിരിപ്പ് ബാലൻസ് ഷീറ്റ് ബി- 2 ൽ 56092/- എന്നു രേഖപ്പെടുത്തിയിരിക്കുന്നു. വ്യത്യാസം പൊരുത്തപ്പെടുത്തിയില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 |
| ഭരണസമിതി തീരുമാനം | 1(1) |
| മുന്നിരിപ്പ് | 5406727 |
| വരവ് | 533778550 |
| ചെലവ് | 536294000 |
| നീക്കിയിരിപ്പ് | 2891277 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും, അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. പദ്ധതിയിതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങളും നിശ്ചയിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കാലയളവ് | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2021 ഡിസംബർ15 ന് മുൻപ് | 04.12.2021 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് | 2022 ജനുവരി 15 | രേഖകൾ ലഭ്യമായില്ല |

| | | | |
|---|---|---|---|
| | പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ന് മുൻപ് | |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2022 ജനവരി 22 ന മുൻപ് | വികസനം- 15.03.22 ക്ഷേമകാര്യം – 21.02.22 ആരോഗ്യം വിദ്യാഭ്യാസം – 25.2.22 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1 ന് മുൻപ് | 10.02.22 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28 ന് മുൻപ് | 04.07.2022 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1 ന് മുൻപ് | 17.03.2022 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7 ന് മുൻപ് | 25.03.2022 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | | 26.03.2022 |

സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും ശുപാർശകൾ സ്വീകരിക്കാതെയാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ക്രോഡീകരണം ചെയ്തിട്ടുള്ളത്. പദ്ധതികൾക്ക അംഗീകാരം നൽകി പദ്ധതി ചെലവു കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കേണ്ടത്. ബജറ്റിനു മുൻപായി വാർഷിക പദ്ധതികൾക്ക രൂപം നൽകാൻ സാധിക്കാത്ത സംഗതികളിൽ വാർഷിക പദ്ധതി അംഗീകാരം നേടുന്ന മുറയ്ക്ക ബജറ്റ് പുതുക്കേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. പദ്ധതി ചെലവുകൾക്ക ബന്ധപ്പെട്ട ഹെഡുകളിൽ തുക വകയിരുത്തിയിട്ടില്ല

**ബജറ്റ് പ്രകാരമുള്ള വിവിധ വരവു, ചെലവുകൾ യഥാർത്ഥ വരവു, ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.** ഉദാഹരണങ്ങൾ ചുവടെ

**വരവ്**

| ഹെഡ് | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| 1401001 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ | 80000 | 1650 |
| 1401003 ഡത്ത് രജിസ്ട്രേഷൻ | 0 | 423 |
| 1405001 യൂസർ ചാർജ്ജ് | 600000 | 703534 |
| 1405002 മാർക്കറ്റ് റസീറ്റ്സ് | 0 | 459250 |

**ചെലവ്**

| ഹെഡ് | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| 2501000 | 0 | 50000 |
| 2501003 | 0 | 494476 |
| 2501004 | 0 | 1486895 |
| 2501006 | 0 | 144040 |
| 2501015 | 0 | 225500 |
| 2501019 | 25000 | 374955 |

| | | |
|---|---|---|
| 2501042 | 0 | 149700 |
| 2501100 | 0 | 1861200 |
| 2501101 | 0 | 660432 |
| 2501103 | 0 | 99904 |
| 2501204 | 0 | 3162082 |
| 2501303 | 0 | 145496 |

പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. ബജറ്റ് തുകകളിലും അധികമായി ചെലവു ചെയ്യുന്നതിനു മുൻപായി ബജറ്റ് പുതുക്കേണ്ടതുണ്ടെങ്കിലും അപ്രകാരം ബജറ്റ് പുതുക്കാതെ 2023-24 വർഷത്തെ ബജറ്റിനൊപ്പം 2022-23 റിവൈസ്ഡ് ബജറ്റ് തുകകൾ കൂടി ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/28.11.2023) നോൺ പ്ലാൻ വരവു, ചെലവുകളുടെ പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെട്ടിട്ടും ലഭിക്കാത്തതിനാൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുള്ളതായി മറുപടി നൽകി. പരിഷ്കരിച്ച ബജറ്റ് 2023 മാർച്ച് മാസത്തിൽ അംഗീകരിച്ചിട്ടുള്ളതായും, 2023-24 ലെ ബജറ്റ് സ്റ്റേറ്റ്മെന്റുകളിൽ രണ്ടാത്തെ കോളമായി 2022-23 ലെ പരിഷ്കരിച്ച ബജറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും, ആയത് 23.03.2023 ലെ 1(1) തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളതായും മറുപടി നൽകി. എന്നാൽ 23.03.2023 ലെ മിനിട്സ് പ്രകാരം ഭരണസമിതി 2023-24 ലെ ബജറ്റ് മാത്രമാണ് ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുള്ളത്, 2022-23 ലെ ബജറ്റ് പുതുക്കി അംഗീകാരം നൽകിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിനും, ചെലവുകൾ ബജറ്റിനുള്ളിൽ നിയന്ത്രിക്കുന്നതിനും ശ്രദ്ധിക്കേണ്ടതും, ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 20453653 |
| ഓഡിറ്റ് വർഷത്തെ വരവ് | 62218369 |
| ആകെ | 82672022 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54393071 |
| നീക്കിയിരിപ്പ് | 28278951 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 304077576/- രൂപയും ചെലവ് 316437455/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24892157 | 24892157 | 30846437 | -595428 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8307530 | 8307530 | 8537747 | -230217 |
| വികസനഫണ്ട് റ്റി.എസ്.പി. | 0 | 318434 | 318434 | 357496 | -39062 |
| സി.എഫ്.സി. ടൈഡ് | 0 | 11049478 | 11049478 | 3101199 | 7948279 |
| സി.എഫ്.സി. അൺടൈഡ് | 0 | 6548731 | 6548731 | 5995045 | 553686 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9352000 | 9352000 | 9002197 | 349803 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 10274000 | 10274000 | 10072476 | 201524 |
| CSS | 0 | 0 | 0 | 2191291 | -2191291 |
| SSS | 0 | 0 | 0 | 165000 | -165000 |

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) വികസനഫണ്ട് അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ (5229159രൂപ), അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം (1883400രൂപ) എന്നീയിനങ്ങളിലെ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്നതുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവ് തുകകൾ വരവിലുമധികമായി രേഖപ്പെടുത്തിയിരിക്കുന്നു.

**വരവ് വിശദാംശം**

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | സർക്കാർ ഉത്തരവുകൾ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 24892157 | 31799557 |
| വികസനഫണ്ട് (എസ്.സി.പി) | 8307530 | 8795443 |
| വികസനഫണ്ട് (റ്റി.എസ്.പി) | 318434 | 361000 |

2) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

**ചെലവ് വിശദാംശം**

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് /സുലേഖ പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 30846437 | 24892157 |
| വികസനഫണ്ട് (എസ്.സി.പി) | 8537747 | 8289834 |
| വികസനഫണ്ട് (റ്റി.എസ്.പി) | 357496 | 314930 |
| മെയിന്റനൻസ് റോഡിതരം | 10072476 | 10205914 |

3) സി.എഫ്.സി. ഫണ്ട് മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. (വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് 7952454/- , വരവ് 14142000/-, നീക്കിയിരിപ്പ് 14032133/-).

4) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കു ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തിയിട്ടില്ല.

6) വികസന ഫണ്ടിന്റെ മൂന്നാംഗഡു അനുവദിച്ച സർക്കാർ ഉത്തരവ് നം 1049/23ധന തി- 13-2-23 ഖണ്ഡിക 4 പ്രകാരം പ്രകാരം സ ഉ (കൈ) 179/ 22 തിയ്യതി 18-10-22 ന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചെയ്യപ്പെടുന്നതിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ പേരുകൾ പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ശിക്ഷ എന്ന നിലയിൽ വികസന ഫണ്ടിന്റെ മൂന്നാംഗഡുവിൽ നിന്നും 1% കുറവ് വരുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട മൂന്നാം ഗഡുവിൽ നിന്നും 325320/-രൂപ കുറവ് ചെയ്തു പോയിട്ടുണ്ട്.

7) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം, പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളിൽ തിരികെ ഒടുക്കിയിട്ടില്ലാത്ത തുകകളുടെ

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് തുക |
|---|---|
| 320700104 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1194341 |
| 320700204 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 547154 |
| 320700205 ജില്ലാ പഞ്ചായത്ത് വിഹിതം | 554661 |
| 320700304 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 6967 |

ഗ്രാന്റ് വിനിയോഗത്തിലെ പോരായ്മകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/30.11.2023, 4/23.11.2023) ഉറവിടത്തിൽ കുറവ് ചെയ്യുന്ന തുക വരവായി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരാറില്ലായെന്നും, ഈ തുകയുടെ ചെലവ് ജി.ഒ. പ്രോജക്ടായി സുലേഖയിൽ വരുത്തുന്നതിനാൽ ചെലവ് തുകകൾ വരവിലുമധികമായി ഉൾപ്പെടുത്തപ്പെടുന്നുവെന്നും അറിയിച്ചു. ജി.ഒ. പ്രോജക്ടുകളുടെ ചെലവുകൾ എ.സി.ആർ. ൽ പ്രതിഫലിക്കാത്തതിനാലാണ് എ.സി.ആർ ഉം ഗ്രാന്റ് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടാത്തത് എന്നും മറുപടി നൽകി. സി.എഫ്.സി. ഫണ്ടിന്റെ വരവും ചെലവും പി.എഫ്.എം.എസ്. മുഖേന നടത്തുന്നതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവും ചെലവും ഒത്തുനോക്കി സാധുവാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് എ.എഫ്.എസ് ൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും, സാംഖ്യ മുഖേന പ്രത്യേക പ്രോസസ് വഴിയാണ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിമയം രേഖപ്പെടുത്തേണ്ടത് എന്നും, വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും മറുപടി നൽകി. വരും വർഷങ്ങളിൽ ജില്ലാ, ബ്ലോക്ക് വിഹിതം കൂടി ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുക്കുന്നതാണെന്നും, തനത് ഫണ്ട് പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തുന്നതായും മറുപടി നൽകി. ബ്ലോക്ക്, ജില്ലാ വിഹിതങ്ങളായി ലഭിച്ച തുകകൾ 2014 വർഷം മുതലുള്ളതാണെന്നും, അത്തരത്തിൽ ലഭിച്ചിട്ടുള്ള തുകകൾ തുടർ വർഷങ്ങളിൽ ബന്ധപ്പെട്ട ഹെഡുകളിൽ ചെലവ് രേഖപ്പെടുത്താതെ തനതു ഹെഡുകളിൽ നിന്നും ചെലവ് വന്നിട്ടുണ്ടോയെന്ന പരിശോധിച്ച ശേഷം മാത്രമേ ശരിയായ നീക്കിയിരിപ്പ് വിലയിരുത്താൻ സാധിക്കുവെന്നും, ഭരണസമിതി തീരുമാനത്തിനു വിധേയമായി മേൽ ഫണ്ടിന്മേൽ തീരുമാനങ്ങൾ സ്വീകരിക്കുന്നതായും മറുപടി നൽകി.

ഗ്രാന്റ്സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സംയുക്ത പദ്ധതിക്കായി നിലവിൽ അലോട്ട്മെന്റ് രീതിയിലാണ് സർക്കാർ ഫണ്ട് ലഭ്യമാക്കുന്നത്. മുൻ വർഷങ്ങളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ച തുകകൾ നിർദ്ദിഷ്ട പദ്ധതികൾക്കായി ഉപയോഗിച്ചിട്ടുണ്ടോ എന്ന പരിശോധിച്ചുറപ്പു വരുത്തേണ്ടതും, നീക്കിയിരിപ്പുള്ള പക്ഷം പ്രസ്തുത തുക പ്ലാൻ ഹെഡിലേക്ക് തിരികെ ഒടുക്കേണ്ടതുമാണ്. തുക ലഭിച്ചത്, ഉപയോഗിച്ചത്, തനതു ഫണ്ടിൽ നിന്നും വിനിയോഗിച്ചതു, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുകകൾ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം.

**ഫണ്ട് വിനിയോഗം**


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| **ഫണ്ട്** | **2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ വിവിധ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക** | **2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)** | **ലാപ്സായ തുക** |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 31799557 | 30846437 | 953120 |
| വികസനഫണ്ട് എസ്.സി.പി | 8795443 | 8537747 | 257696 |


| | | | |
|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി | 361000 | 357496 | 3504 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 9352000 | 9002197 | 349803 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 10274000 | 10072476 | 201524 |
| **ആകെ** | **60582000** | **58816353** | **1765647** |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം രേഖാ ചിത്രമായി ചേർക്കുന്നു.

1)




2)




**1) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.**

**(എ)**

| **നിർവ്വഹണ ഉദ്യോഗസ്ഥർ** | **ആകെ ഏറ്റെടുത്ത പദ്ധതികൾ** | **നടപ്പിലാക്കിയവ** | **നടപ്പിലാക്കാത്തവ** | **ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ)** | **ആകെ പദ്ധതി ചെലവ്** | **ചെലവ് ശതമാനം** |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 1 | 2982104 | 2165230 | 73 |
| വെറ്റിനറി സർജൻ | 6 | 5 | 1 | 2874916 | 2621536 | 91 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ – പി എച്ച് സി/സി എച്ച് സി | 10 | 7 | 3 | 9899149 | 4123760 | 42 |
| മെഡിക്കൽ ഓഫീസർ –ഹോമിയോ | 1 | 1 | 0 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ –ആയുർവേദം | 1 | 1 | 0 | 1800000 | 1800000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30 | 24 | 6 | 39827456 | 14600789 | 37 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 11 | 1 | 10781500 | 9475014 | 88 |
| സെക്രട്ടറി | 34 | 21 | 13 | 16918302 | 11771809 | 70 |
| എച്ച്.എം. | 9 | 9 | 0 | 2265211 | 1895895 | 84 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 67 | 25 | 45147823 | 27625054 | 61 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 3800000 | 3162082 | 83 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 13 | 3 | 5228420 | 3067628 | 59 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 0 | 229460 | 145496 | 63 |

I) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആകെ വകയിരുത്തിയ ഫണ്ടിന്റെ 37% മാത്രമാണ് ചെലവഴിച്ചത്.

Ii) അസിസ്റ്റന്റ് എഞ്ചിനീയർ 92 മരാമത്ത് പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയെങ്കിലും 25 പ്രവൃത്തികൾ നടപ്പാക്കിയില്ല.

(ബി)

ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| **ഫണ്ട്** | **വകയിരുത്തിയ തുക** | **ചെലവ് തുക** | **ശതമാനം** |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 37126037 | 30846437 | 83 |
| എസ്.സി.പി. | 10458356 | 8537747 | 82 |
| ടി.എസ്.പി | 403566 | 357496 | 89 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 22732650 | 9096244 | 40 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5799000 | 2191291 | 38 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 10464266 | 165000 | 1.57 |
| തനത് ഫണ്ട് | 13429388 | 9292327 | 69 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 6218991 | 2032985 | 33 |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 11534702 | 1146586 | 10 |
| മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം | 558000 | 0 | 0 |
| മെയിന്റനൻസ് റോഡ് | 10305154 | 9002197 | 87 |
| മെയിന്റനൻസ് റോഡിതരം | 12406640 | 10072476 | 81 |
| മറ്റുള്ളവ | 23286141 | 1717336 | 7 |

**ആകെ ഏറ്റെടുത്ത പദ്ധതികൾ**

| | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 222 | 169 | 53 | 142054341 | 82754293 | 58 |

**ആസൂത്രണ സമിതി**

ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. (ഭരണ സമിതി തീരുമാനം നമ്പർ 2/3 തീയതി 12.1.2022)

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

28.02.2022, 1.04.2022, 21.4.2022 എന്നീ തീയതികളിൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗങ്ങളിൽ യഥാക്രമം 14ഉം 11ഉം 26ഉം അംഗങ്ങളാണ് പങ്കെടുത്തത്.

**വർക്കിംഗ് ഗ്രൂപ്പ്**

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട് (ഭരണ സമിതി തീരുമാനം നമ്പർ 2/3 തീയതി 12.01.2022)

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങളുടെ എണ്ണം | യോഗ തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| പൊതുഭരണവും ധനകാര്യവും | 20 | 5/5/2022 | 5 |
| മൃഗസംരക്ഷണവും ക്ഷീര വികസനവും | 19 | 5/5/2022 | 5 |
| വിദ്യാഭ്യാസം | 16 | 24/6/2022 | 9 |
| സാമൂഹ്യക്ഷേമം | 16 | 24/6/2022 | 6 |

**സ്റ്റാറ്റസ് റിപ്പോർട്ട്**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള അതീവ ഗുരുതര പ്രശ്നങ്ങൾക്ക് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | കൃഷി | അതീവ ഗുരുതരം | തരിശുകിടക്കുന്ന കൃഷിയിടങ്ങൾ |

| | | | |
|---|---|---|---|
| 2 | മൃഗ സംരക്ഷണം ക്ഷീര വികസനം | അതീവ ഗുരുതരം | വെറ്ററിനറി സർജന്റെ സേവനക്കുറവ് |
| 3 | പട്ടികജാതി വികസനം | അതീവ ഗുരുതരം | കുടിവെള്ള പ്രശ്നം |
| 4 | പട്ടികജാതി വികസനം | അതീവ ഗുരുതരം | ജീവിത ശൈലീ രോഗങ്ങൾ |
| 5 | കുടിവെള്ളം ശുചിത്വം | അതീവ ഗുരുതരം | അജൈവ മാലിന്യ നിർമ്മാർജ്ജനം |

**ഗ്രാമസഭ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്റ്റ് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്റ്റ് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സിന്റെ (വാർഡ് 2, 10, 13, 14) പരിശോധനയിൽ, പ്രസ്തുത വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല..

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല.

**തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം**

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

**നൂതന പ്രോജക്ടുകൾ**

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

**CSR ഫണ്ട്**

ഗ്രാമ പഞ്ചായത്തിൽ കോർപ്പറേറ്റ് സെക്ടറിൽ വരുന്ന സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കാത്തതിനാൽ, സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

**ആസ്തി രജിസ്റ്റർ**

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-6 ക്ഷേമ പെൻഷനുകൾ.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽ രഹിത വേതനം | 2880 |
| കർഷക തൊഴിലാളി പെൻഷൻ | 3096900 |
| വിധവാ പെൻഷൻ | 22586000 |
| വാർദ്ധക്യകാല പെൻഷൻ | 55748300 |
| വികലാംഗ പെൻഷൻ | 8609300 |
| വിവാഹ ധനസഹായം | 360000 * |
| അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 862800 |

*വിവാഹ ധനസഹായത്തിനായി 360000/- രൂപ ട്രഷറി ബിൽ പ്രകാരം മാറി, വിതരണം ചെയ്തിട്ടുണ്ടെങ്കിലും ആയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1-12-2023 തീയതിയിൽ 11.43എ.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 270/-(ഇരുന്നൂറ്റി എഴുപത് )രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചാത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.
1) ഓഫീസ് ഓർഡർ മുഖാന്തിരം ജീവനക്കാർക്ക് യഥാവിധി ജോലി വിഭജിച്ച് നൽകുന്നതിനും, എല്ലാ മാസങ്ങളിലും ഓഫീസ് മീറ്റിംഗുകൾ കൂടി ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.
2) ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലയളവ് അവസാനിച്ചതിനാൽ ആയത് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
3) വാർഷിക ധനകാര്യ പത്രികയിലേയും വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല. ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക സമർപ്പിക്കുമ്പോൾ തന്നെ രജിസ്റ്ററുകളിലെ പ്രതിമാസ വിശദാംശങ്ങൾ കൂടി പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.
4) നികുതി, നികുതി ഇതര ഇനങ്ങളുടെ ഡിമാന്റ് വിവരങ്ങൾ അപൂർണ്ണമാണ്. നികുതി, കുടിശ്ശിക ഈടാക്കുന്നതിലും നടപടികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5) പദ്ധതി രൂപീകരണത്തിനും, നിർവഹണത്തിനും സർക്കാർ നിർദ്ദേശങ്ങളും, മാർഗ്ഗരേഖകളും പാലിക്കേണ്ടതാണ്. വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ചെലവ് രേഖകൾ, ധനവിനിയോഗ രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.
6) മുൻ വർഷങ്ങളിൽ സംയുക്ത പദ്ധതികൾക്ക് ലഭ്യമായ തുക ചെലവഴിക്കാതെ തനതു ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. മുൻ വർഷങ്ങളിൽ അനുവദിച്ച മുൻകൂറുകളും ക്രമീകരിക്കാനവശേഷിക്കുന്നു.
7) നിക്ഷേപ പ്രവൃത്തികൾക്കായി തുക അനുവദിച്ച ശേഷം പ്രവൃത്തിയുടെ നിർവഹണം, പൂർത്തീകരണം എന്നിവ മോണിട്ടർ ചെയ്യുന്നില്ല.
8) രജിസ്റ്ററുകളുടെ പരിപാലനത്തിലും, വിവരങ്ങൾ അതതു സമയങ്ങളിൽ തന്നെ (വരവ്, ചെലവുകൾ നടക്കുമ്പോൾ തന്നെ) അപ്ഡേറ്റ് ചെയ്യുന്നതിലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.
9) ഗ്രാമപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ ഭാഗമായിയുള്ള ഗുണഭോക്താവ് വിഹിതം പിരിയ്ക്കുന്നതിന് വേണ്ടി വി ഇ ഒ യ്ക്ക് നൽകിയ രസീത് ബുക്ക് 14177 ലെ 42 മുതൽ 100 വരെയുള്ള രസീതുകളും, കൃഷി ഓഫീസർക്ക് നൽകിയ 141560ാം നമ്പർ രസീത് ബുക്കിലെ 91 മുതൽ 100 വരെയുള്ള രസീതുകളും ക്യാൻസൽ ചെയ്ത് പഞ്ചായത്തിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

വാർഷികകണക്കുകൾ പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1701 | 2277675 | 2279376 | 2273902 | 3884 (ബി.4 പ്രകാരം) |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 103941000 | 103941000 | 103941000 | 0 |

വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ബി.4മായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-9-1 മെറ്റീരിയൽ വിതരണം നടത്തിയ കരാറുകാർക്ക് തുക അനുവദിക്കുന്നതിലെ അപാകതകൾ- 83,850/- രൂപയുടെ അധിക ചെലവ് .

1. MGNREGS പ്രവർത്തികളിൽ സിമന്റിന് SECURE Software ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലെന്നും യഥാർത്ഥ മാർക്കറ്റ് വിലമാത്രമേ നൽകാവൂ എന്നും, ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 ലെ OMB/ALP/AW/20/2022നമ്പർ ഉത്തരവിലൂടെ കർശന

നിർദ്ദേശം നൽകിയിട്ടുണ്ട്. സിമന്റ് ഒരു പാക്കേജ്ഡ് കമ്മോഡിറ്റി എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല . ടെൻഡർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന ജി.എസ്.റ്റി ബില്ലിൽ , നൽകുന്ന ബ്രാൻഡിന്റെ പേര് (ഓരോ ബ്രാൻഡിനും വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് പാക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും MGNREGS മിഷൻ ഡയറക്ടറുടെ 17.8.2022 ലെ File No.NREGA/724/2022-A3 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

2022-23 ൽ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന ഫയലുകൾ പരിശോധിച്ചതിൽ, അതിൽ സിമന്റ് ബില്ലുകൾ ഉൾപ്പട്ടു കാണുന്നില്ല. സിമന്റ് ബിൽ ഹാജരാക്കാതെ തുക അനുവദിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അതിന്റെ കാരണം. കരാറുകാർക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.-34) ) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ സിമന്റ് ബില്ലുകൾ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1. പന്നിയോട് ചരുവിള റോഡ് കോൺക്രീറ്റ്, RC No.362524, Mbook No 9/22-23

2. സുലൈമാൻ റോഡ് കോൺക്രീറ്റ്, RC No.369589, Mbook No. 55/22-23

3. ഭജന മഠം റോഡ് കോൺക്രീറ്റ്, RC No.363810, Mbook No. 231/22-23

4. ഇറയംകോട് മുസ്ലീം പള്ളി റോഡ് കോൺക്രീറ്റ്, RC No.362559, Mbook No. 8/22-23

5. പാണയം മുതൽ വെള്ളംകൊള്ളി റോഡ് കോൺക്രീറ്റ്, RC No.362556, Mbook No. ലഭ്യമല്ല

6. അരുവിക്കുഴി നെല്ലിവിള മുതൽ മണ്ണംകര ചാനൽകര റോഡ് കോൺക്രീറ്റ്, RC No.363327, Mbook No. 54/22-23

7. മരുതംകോട് പാറപൊറ്റ റോഡ് കോൺക്രീറ്റ്, RC No.362528, Mbook No. 56/22-23

8. അരുവിക്കുഴി വലിയപാലം മുതൽ പാറയം വിളാകം വരെ ചാനൽകര റോഡ് കോൺക്രീറ്റ്, RC No.363329, Mbook No. 56/22-23

9. അഴീക്കാൽ കൊച്ചുകോണം ബാഗം റോഡ് കോൺക്രീറ്റ്, RC No.364619, Mbook No. ലഭ്യമല്ല

മേൽപറഞ്ഞ പ്രവർത്തികൾക്കുള്ള ബില്ലുകൾ അനുവദിച്ച് തുക നൽകുമ്പോൾ, കരാറുകാർ നൽകുന്ന ജി.എസ്.റ്റി ബില്ലിനോടൊപ്പം സിമന്റിന്റെ ബ്രാന്റ്, യൂണിറ്റ് വില എന്നിവ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും അതിനനുസരിച്ച് മാത്രം കരാറുകാരന് തുക അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

2. ചുവടെ പറയുന്ന പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, റോഡ് കോൺക്രീറ്റ് പ്രവർത്തിക്ക് ഉപയോഗിച്ച മെറ്റീരിയലിന്റെ ബില്ലുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.ആയതിൽ സിമന്റ് ബില്ലുകളിൽ, യൂണിറ്റ് പാക്കറ്റുകളുടെ എണ്ണം , വില എന്നിവയും ഉൾപ്പെടുന്നുണ്ട്.എ ന്നാൽ എംബുക്ക് പ്രകാരം തുക അനുവദിച്ചത് പരിശോധിച്ചതിൽ, പ്രവർത്തിക്ക് ഉപയോഗിച്ച സിമന്റിന്റെ അളവ്, കരാറുകാരൻ ലഭ്യമാക്കിയ ബിൽ പ്രകാരം അനുവദിക്കാവുന്ന തുക എന്നിവ പ്രകാരമല്ല കരാറുകാരന് തുക നൽകിയത് എന്നു കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്/ പ്രവർത്തിയുടെ കോഡ് | കരാറുകാരന്റെ പേര് | എം ബുക്ക് നം | കരാറുകാരൻ ലഭ്യമാക്കിയ ബിൽ നം/ തീയതി | സിമന്റ് അളവ് | | | അധികം നൽകിയ തുക | | | | | | FTO നമ്പർ, തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ബിൽ പ്രകാരമുള്ള അളവ് | സിമന്റിന് അനുവദിച്ച തുക (എം-ബുക്ക് പ്രകാരം) | അനുവദിക്കാവുന്ന തുക | നിരക്ക് | | ആകെ തുക | സിമന്റ് അളവ് (Tonne) | | തുക | |
| 1 | പുതുക്കോണം ഇടപ്പഴിഞ്ഞി റോഡ് കോൺക്രീറ്റ്, RC 362549 | സുരേഷ് കുമാർ .പി | 10/22-23 | 011, തീയതി -10.10.2022 (Suresh Kumar) | 178 പാക്കറ്റ് | | | Rs. 449.99/ Packet (Including 28 % GST) | 80,099 | 6.916 T (6916 Kg Or 138.32 Pkt) | 79,672.3 | 138.32 Pkt X Rs. 449.99/packet = 62,242.62 | 79,672.3 – 62,242.62 = 17,430/- | FTO. 21620/ 23.3.23 Rs.3,02,302/- 23.3.2023. FTO. 216125/ 23.3.23 Rs.2239/ 23.3.2023 |
| 2 | കൈരളി നഗർ മൈലോട്ട് മൂഴി കോൺക്രീറ്റ്, RC 366122 | സുരേഷ് കുമാർ .പി | 47/22-23 | 008, തീയതി -16.10.2022 (Suresh Kumar) | 521 പാക്കറ്റ് | | | Rs. 380/packet (Including 28 % GST) | 1,97,980 | 17.199 T (17199 Kg Or 343.98 Pkt) | 1,98,132.48 | 343.98 Pkt X Rs. 380/packet = 1,30,712.4 | 1,98,132.48 – 1,30,712.4 = 66,420/- | FTO.21645/23.3.23 Rs.3500/ 23.3.23 FTO.216124/ 23.3.23 Rs.28,573/ 23.3.23 FTO.216400/ 23.3.23 Rs.3,91,932/ 23.3.23 |

പുതുക്കോണം ഇടപ്പഴിഞ്ഞി റോഡ് കോൺക്രീറ്റ് പ്രവർത്തിയിൽ കരാറുകാരൻ ഹാജരാക്കിയ സിമന്റ് വാങ്ങലുമായി ബന്ധപ്പെട്ട ബില്ലിൽ, സിമന്റ് പാക്കറ്റിന് Rs. 449.99/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി പ്രവർത്തിയിൽ എം-ബുക്ക് പ്രകാരം 138.32 പാക്കറ്റ് സിമന്റ് (6.916 Tonne) ആണ് ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ തന്നെ ഉപയോഗിച്ച സിമന്റിനും , അത് വാങ്ങിയപ്പോൾ ലഭിച്ച ബില്ലിൽ രേഖപ്പെടുത്തിയ തുക മാത്രമെ MGNREGS മിഷൻ ഡയറക്ടറുടെ 17.8.2022 ലെ File No.NREGA/724/2022-A3 കത്ത്

പ്രകാരം അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ. അതു പോലെ കൈരളി നഗർ മൈലോട്ട് മൂഴി കോൺക്രീറ്റ് കരാറുകാരൻ ഹാജരാക്കിയ സിമന്റ് വാങ്ങലുമായി ബന്ധപ്പെട്ട ബില്ലിൽ സിമന്റ് പാക്കറ്റിന് Rs. 380/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി പ്രവർത്തിയിൽ എം-ബുക്ക് പ്രകാരം 343.98 പാക്കറ്റ് സിമന്റ് (17.199 Tonne) ആണ് ഉപയോഗിച്ചിട്ടുള്ളത്. ഇപ്രകാരം ടി രണ്ട് പ്രവർത്തികളിൽ അധികം നൽകിയ ആകെ തുക 83,850/- (17,430 + 66,420) രൂപയാണ്.

മേൽ പറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.-34) ) ലഭ്യമാക്കിയ മറുപടിയിൽ ബില്ലുകൾ മാറിപ്പോയതാണെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ ശരിയായ ബില്ലോ മറ്റ് വിശദാംശങ്ങളോ മറുപടിയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു. കൂടാതെ ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ അഞ്ച് പ്രവർത്തികളിൽ ഇത്തരത്തിൽ സിമന്റ് ബില്ലിലെ അപാകതകൾ ചൂണ്ടിക്കാട്ടിയിരുന്നു. ഓഡിറ്റിന് ഹാജരാക്കിയ ഫയലിനോടൊപ്പം ഉള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിക്കുകയും, എന്നാൽ ടി ബില്ലുകളിലെ അപാകത ചൂണ്ടി കാണിക്കുമ്പോൾ ബിൽ മാറിപോയതാണ് എന്ന മറുപടി നൽകുന്നതും, അഞ്ചു പ്രവർത്തികളിൽ ഇത്തരത്തിൽ ബില്ലു മാറിപോയതാണ് എന്ന വാദവും അതുകൊണ്ട് തന്നെ അംഗീകരിക്കുവൻ സാധിക്കുന്നതല്ല.

ടി പ്രവർത്തികളിൽ Portland Cement 0.32 Tonne ന് 11520.00 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് എംബുക്ക് പ്രകാരം സിമന്റിന്റെ അളവ് കണക്കാക്കി തുക അനുവദിച്ചിട്ടുള്ളത്. മെറ്റീരിയൽസിന് വില നിശ്ചയിച്ചിട്ടുള്ള എസ്റ്റിമേറ്റ് കാലയളവിലെ Local Market Rate (LMR) വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എക്വയറിക്ക് (30.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.- 35) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു. എന്നാൽ 23.3.2023 – 15.7.2023കാലയളവിൽ 0.32 Tonne Portland Cement ന് 8960.00 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ എസ്റ്റിമേറ്റ് കാലയളവിലെ LMR വിവരങ്ങൾ ലഭ്യമായാൽ മാത്രമെ ടി പ്രവർത്തികളിൽ സിമന്റിന് അനുവദിച്ച തുക ശരിയായ നിരക്കിലാണോ എന്ന് ഉറപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ.

മേൽ കാരണങ്ങളാൽ അധികം നൽകിയ 83,850/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി വിഷയത്തിൻ മേൽ കൂടുതൽ വിശദീകരണം/മറുപടി ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുക ബിൽ തുക അനുവദിച്ച സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതും ചെലവ് നിരാകരിക്കുന്നതുമാണ്.

## 1-9-2 കരാറുകാരനിൽ നിന്നും GST TDS ഇനത്തിൽ ഈടാക്കേണ്ട 35,620/- രൂപ ഈടാക്കി Tds ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതും ഭാവിയിൽ സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

മെറ്റീരിയൽ വിതരണത്തിനായി ടെൻഡർ എടുക്കുന്ന കരാറുകാരൻ, ഓരോ പ്രവർത്തിയുടേയും ബിൽ പാസാക്കുമ്പോൾ 2% GST കുറവ് ചെയ്ത ശേഷം ബാക്കി തുക FTOആയി നൽകേണ്ടതാണെന്നും, ടി 2% തുക GST നിയമപ്രകാരം അടക്കേണ്ടതും TDS File ചെയ്യേണ്ടതുമാണെന്ന് MGNREGS മിഷൻ ഡയറക്ടറുടെ 17.8.2022 ലെ File No.NREGA/724/2022-A3 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തിൽ മെറ്റീരിയൽ വിതരണത്തിന് തുക അനുവദിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഇത്തരത്തിൽ 2% GST തുക ഈടാക്കിയതായി കാണുന്നില്ല. മേൽ പറഞ്ഞ വിഷയങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 34/30.11.23) ലഭ്യമാക്കിയ മറുപടിയിൽ മേൽ നിർദേശങ്ങൾ ഭാവിയിൽ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2022-23 വർഷത്തിൽ മെറ്റീരിയൽ വിതരണത്തിന് തുക അനുവദിച്ചിട്ടുള്ളതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്/ കോഡ് | കരാറുകാരന്റെ പേര് | എം ബുക്ക് നം | തുക | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക (2% GST) |
|---|---|---|---|---|---|---|
| 1 | ഹാപ്പി ലൈൻ ഇടവഴി റോഡ് കോൺക്രീറ്റ്, RC 363815 | ജ്ഞാനപ്രകാശ് | ലഭ്യമല്ല | 2,95,239/13.7.2022 | 0 | 5905 |
| 2 | വഴതന മുകൾ മരുതംകോട് റോഡ് കോൺക്രീറ്റ്, RC 368946 | ജ്ഞാനപ്രകാശ് | 3/22-23 | 4,04,955/13.7.2022 | 0 | 8099 |
| 3 | വെള്ളംകൊള്ളി കൊണ്ണിയൂർ ക്ഷോത്രം റോഡ് കോൺക്രീറ്റ്, RC 368949 | ജ്ഞാനപ്രകാശ് | 2/22-23 | 3,52,273/13.7.2022 | 0 | 7045 |

| | | | | | | |
|---|---|---|---|---|---|---|
| 4 | പുതുക്കോണം ഇപ്പഴിഞ്ഞി റോഡ് കോൺക്രീറ്റ്, RC 362549 | സുരേഷ് കുമാർ .പി | 10/22-23 | 3,02,302/ 23.3.2023.<br>2239/23.3.2023 | 0 | 6046.04 + 44.78 = 6091 |
| 5 | കൈരളി നഗർ മൈലോട്ട് മൂഴി കോൺക്രീറ്റ്, RC 366122 | സുരേഷ് കുമാർ .പി | 47/22-23 | 3500/23.3.23<br>28573/23.3.23<br>391932/23.3.23 | 0 | 70 + 571.46 + 7838.64 = 8480 |
| | | | | | ആകെ | 35620/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി TDS ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-9-3 MNREGS മുഖാന്തിരം നടപ്പിലാക്കുന്ന റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ അസിസ്റ്റന്റ് എൻജിനീയർ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവർത്തികളേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു- വിവരങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

2022-23 വർഷത്തിൽ MGNREGS മുഖാന്തിരം നിർവ്വഹണം നടത്തിയിട്ടുള്ള റോഡ് കോൺക്രീറ്റ് പ്രവർത്തികളിലെ എസ്റ്റിമേറ്റിൽ Specification 16.42 പ്രകാരം (1:2:4 അനുപാതം) റോഡ് കോൺക്രീറ്റിന് 8816.692/m3 ആണ് നിരക്ക് രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ AE, LSGD മുഖാന്തിരം നിർവ്വഹിക്കുന്ന വിവിധ റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ 8306.23/m (പ്രൈസ് സോഫ്റ്റ് വെയർ Spec 75.8.1) ആണ് നിരക്കുള്ളത്. ഇത്തരത്തിൽ ഉയർന്ന തുക അനുവദിക്കാനുള്ള കാരണം, Specification 16.42 പ്രകാരം മെറ്റീരിയൽസിന് വില നിശ്ചയിച്ചിട്ടുള്ള എസ്റ്റിമേറ്റ് കാലയളവിലെ LMR വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എക്വയറിക്ക് (30.11.2023 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.- 35) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു. എന്നാൽ MGNREGS പ്രവർത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സെക്യൂവർ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ 2023-24 സാമ്പത്തിക വർഷത്തിലെ 23.3.2023 – 15.7.2023 കാലയളവിലെ നിരക്ക് (Trivandrum District Plain Terrain) പരിശോധിച്ചതിൽ, Specification 16.42 പ്രകാരം 8367.440/m3 രൂപയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ടി നിരക്കിനേക്കാളും ഉയരന്ന നിരക്കാണ് 2022-23 കാലയളവിൽ (8816.692/m3 ) അനുവദിച്ചിരിക്കുന്നത്. 23.3.2023 – 15.7.2023 കാലയളവിലെ നിരക്ക് സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയുന്നു.

LMR Period 23.3.2023 – 15.7.2023

| | |
|---|---|
| 16.42 | Cement Concrete 1:2:4 (1 Cement : 2 Coarse Sand : 4 Graded Stone Aggregate 40 Mm Nominal Size ) In Pavements, Laid To Required Slope And Camber In Panels As Required Including Consolidation Finishing And Tamping Complete |

| Code | Description | Unit | Quantity | Rate | Amount(Rs) |
|---|---|---|---|---|---|
| | Details Of Cost For 1 Cum Cement Concrete 1:2:4 Mix | | | | |
| 0293 | Stone Aggregate(single Size): 40 Mm Nominal Size | Cum | 0.52000 | 2415.0000 | 1255.80 |
| 0295 | Stone Aggregate(single Size):20 Mm Nominal Size | Cum | 0.22000 | 2782.5000 | 612.15 |

| Code | Description | Unit | Quantity | Rate | Amount(Rs) |
|---|---|---|---|---|---|
| 0297 | Stone Aggregate(single Size): 10 Mm Nominal Size | Cum | 0.11000 | 3102.7500 | 341.30 |
| 2206 | Carriage Of Stone Aggregate 40 Mm Nominal Size And Above | Cum | 0.52000 | 0.0 | 0.00 |
| 2202 | Carriage Of Stone Aggregate Below 40 Mm Nominal Size | Cum | 3102.7500 | 0.0 | 0.00 |
| 0982 | Coarse Sand (Zone III) | Cum | 0.0 | 3675.0000 | 1635.38 |
| 2202 | Carriage Of Stone Aggregate Below 40 Mm Nominal Size | Cum | 0.44500 | 0.0 | 0.00 |
| 0367 | Portland Cement | Tonne | 0.32000 | 8960.0000 | 2867.20 |
| 2209 | Carriage Of Cement - LABOUR: | Tonne | 0.32000 | 0.0 | 0.00 |
| 0155 | Mason (Average) | Day | 0.10000 | 1050.0000 | 105.00 |
| 0114 | Beldar | Day | 1.63000 | 333.0000 | 542.79 |
| 0101 | Bhisti | Day | 0.70000 | 860.0000 | 602.00 |
| 0002 | Hire Charges Of Concrete Mixer 0.25 To 0.40 Cum With Hopper | Day | 0.07700 | 2280.0000 | 175.56 |
| 0012 | Vibrator (Needle Type 40 Mm) | Day | 0.07000 | 850.0000 | 59.50 |
| 9999 | Sundries - Side Shuttering: Taking The Slab To Be 15cm Thick And Width To Be 6 Metre, Length Of Road 27 Metre= 9.90/24.30 = 0.407sqm | L.S | 26.00000 | 2.5000 | 65.00 |
| 5.9.1 | Rate As Per Item Number5.9.1 Of SH: Road Work Work | Sqm | 0.40700 | 251.0741 | 102.19 |

| Code | Description | Unit | Quantity | Rate | Amount(Rs) |
|---|---|---|---|---|---|
| 9999 | Sundries | L.S | 1.43000 | 2.5000 | 3.57 |
| TOTAL | | | | | 8367.44 |
| Cost Of 1.0 Cum | | | | | 8367.44 |
| Say | | | | | **8367.440** |

| | |
|---|---|
| Material | 7067.74 |

| | |
|---|---|
| Skilled Labour | 31.09 |
| Unskilled Labour | 561.61 |
| Semi-skilled Labour | 707.00 |

| | |
|---|---|
| Unskilled Person Days | 1.69 |

| | |
|---|---|
| **Total Material** = Skilled Labour+Semi-Skilled Labour+Material+Carriage+Hire Charges Of Plants+MR Items+Extra Charges | 7805.83 |

2023-24 കാലയളവിലെ ടി എസ്റ്റിമേറ്റിൽ

Stone Aggregate(single Size): 40 Mm Nominal Size 0.52m3 ന് 2415.00 രൂപയും

Stone Aggregate(single Size):20 Mm Nominal Size 0.22 M3 ന് 2782.50 രൂപയും

Stone Aggregate(single Size): 10 Mm Nominal Size 0.11 M3 ന് 3102.75 രൂപയും

Portland Cement 0.32 Tonne ന് 8960.00 രൂപയുമാണ് കണക്കാക്കിയിരിക്കുന്നത്.

എന്നാൽ പ്രവർത്തിയോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന 2022-23 കാലയളവിലെ എസ്റ്റിമേറ്റിൽ നൽകിയിരിക്കുന്ന നിരക്ക് ചുവടെ പറയും പ്രകാരമാണ്.

Stone Aggregate(single Size): 40 Mm Nominal Size 0.52m3 ന് 2310.00 രൂപയും

Stone Aggregate(single Size):20 Mm Nominal Size 0.22 M3 ന് 2625.00 രൂപയും

Stone Aggregate(single Size): 10 Mm Nominal Size 0.11 M3 ന് 3045 രൂപയും

Portland Cement 0.32 Tonne ന് 11520.00 രൂപയുമാണ് കണക്കാക്കിയിരിക്കുന്നത്.

ഇതിൽ നിന്നും 2022-23 കാലയളവിൽ നൽകിയ നിരക്ക് 2023-24 ലെ നിരക്കിനെക്കാൾ ഉയർന്ന് നിൽക്കുന്നതാണ് എന്ന് കാണാവുന്നതാണ്. അതിനാൽ ടി പ്രവർത്തിയിൽ നൽകിയിരിക്കുന്ന നിരക്ക് ശരിയായ രീതിയിലാണോ എന്ന് പരിശോധിക്കുന്നതിനായി, ഓഡിറ്റ് എൻക്വയറി നം 35/30.11.223 മുഖാന്തിരം ആവശ്യപ്പെട്ട എസ്റ്റിമേറ്റ് കാലയളവിലെ LMR വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ MGNREGS മുഖാന്തിരം ഇത്തരത്തിൽ റോഡ് കോൺക്രീറ്റ് പ്രവർത്തികൾ നിർവ്വഹിക്കുമ്പോൾ ഉയർന്ന തുക ചെലവഴിക്കേണ്ടി വരുന്നു. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-9-4 മെറ്റിരിയൽ സംഭരണം - വിതരണം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ MGNREGS മുഖേന നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവർത്തികൾക്ക് ടെൻഡർ മുഖാന്തിരം കരാറുകാർ മെറ്റീരിയൽ വിതരണം നടത്തിയിട്ടുണ്ട്. മേൽ പ്രവർത്തിയിൽ, MGNREGS മെറ്റീരിയൽ വിതരണം സംബന്ധിക്കുന്ന 31.3.2012 തീയതിയിലെ സ.ഉ(കൈ) നം.93/2012/ത.സ്വ.ഭ.വ, സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതായി ഫയലിൽ കാണുന്നില്ല. കരാറുകാർ സപ്ലൈ ചെയ്തിട്ടുള്ള സാധനങ്ങൾ അളവ് രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തത് സംബന്ധിക്കുന്ന വിവരങ്ങളും, അതിന്റെ സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം.- 34/30.11.23) ലഭ്യമാക്കിയ മറുപടിയിൽ, ടെൻഡർ മുഖാന്തിരം കരാറുകാർ മെറ്റീരിയൽ വിതരണം നടത്തിയിട്ടുണ്ടെന്നും,പുതുതായി ആരംഭിക്കുന്ന പ്രവർത്തികളിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1. പന്നിയോട് ടാരുവിള റോഡ് കോൺക്രീറ്റ്, RC No.362524, Mbook No. 9/22-23

2. സുലൈമാൻ റോഡ് കോൺക്രീറ്റ്, RC No.369589, Mbook No. 55/22-23

3. ഭജന മഠം റോഡ് കോൺക്രീറ്റ്, RC No.363810, Mbook No. 231/22-23

4. ഇറയംകോട് മുസ്ലീം പള്ളി റോഡ് കോൺക്രീറ്റ്, RC No.362559, Mbook No. 8/22-23

5. പാണയം മുതൽ വെള്ളംകൊള്ളി റോഡ് കോൺക്രീറ്റ്, RC No.362556, Mbook No. ലഭ്യമല്ല

6. അരുവിക്കുഴി നെല്ലിവിള മുതൽ മണ്ണംകര ചാനൽകര റോഡ് കോൺക്രീറ്റ്, RC No.363327, Mbook No. 54/22-23

7. മരുതംകോട് പാറപൊറ്റ റോഡ് കോൺക്രീറ്റ്, RC No.362528, Mbook No. 56/22-23

8. അരുവിക്കുഴി വലിയപാലം മുതൽ പാറയം വിളാകം വരെ ചാനൽകര റോഡ് കോൺക്രീറ്റ്, RC No.363329, Mbook No. 56/22-23

9. അഴീക്കാല് കൊച്ചുകോണം ബാഗം റോഡ് കോൺക്രീറ്റ്, RC No.364619, Mbook No. ലഭ്യമല്ല

10. ഹാപ്പി ലൈൻ ഇടവഴി റോഡ് കോൺക്രീറ്റ്, RC 363815, Mbook No. ലഭ്യമല്ല

11. വഴുതന മുകൾ മരുതംകോട് റോഡ് കോൺക്രീറ്റ്, RC 368946, Mbook No. 3/22-23

12. വെള്ളംകൊള്ളി കൊണ്ണിയൂർ ക്ഷേത്രം റോഡ് കോൺക്രീറ്റ്, RC 368949, Mbook No. 2/22-23

13. പുതുക്കോണം ഇപ്പഴിഞ്ഞി റോഡ് കോൺക്രീറ്റ്, RC 362549, Mbook No. 10/22-23

14. കൈരളി നഗർ മൈലോട്ട് മൂഴി കോൺക്രീറ്റ്, RC 366122, Mbook No. 47/22-23

കരാറുകാർ വിതരണം നടത്തുന്ന മെറ്റീരിയൽസ് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാത്തതിനാലും,വിതരണം നടത്തിയ മെറ്റീരിയൽ അളവെടുത്ത് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാലും ഓരോ പ്രവർത്തിക്കും ഉപയോഗിച്ചിട്ടുള്ള മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ ഉറപ്പാക്കുന്നതിന് സാധിക്കുന്നതല്ല.ഇത് പ്രവർത്തിയുടെയും മെറ്റീരിയൽ വിതരണത്തിന്റെയും സുതാര്യതയെ ബാധിക്കുന്നതാണ്. മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം മാർഗ നിർദേശങ്ങൾ പാലിച്ച് സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും, വിനിയോഗവും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ കരാറുകാർ മുഖേന സാധന സാമഗ്രികൾ ശേഖരിക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം മെറ്റീരിയൽ സംഭരണം, വിതരണം എന്നിവുമായി ബന്ധപ്പെട്ട അപാകതകൾ മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം സെക്രട്ടറിയുടെ ബാദ്ധ്യതയാകുന്നതാണ്.

## 1-9-5 സർക്കാർ നിർദേശിക്കുന്ന തരത്തിലുള്ള പരിശോധനകൾ നടത്തേണ്ടതാണ്

MNREGS മുഖേന നടപ്പിലാക്കിയ പ്രവർത്തികളുമായി ബന്ധപ്പെട്ട് പൊതു പരിശോധന, സാങ്കേതിക പരിശോധന എന്നിവ ഉണ്ടായിരിക്കേണ്ടതാണെന്നും, ടി പരിശോധനകൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ്, പ്രവൃത്തി നടക്കുമ്പോൾ, പ്രവൃത്തി പൂർത്തിയായി കഴിഞ്ഞ് എന്നീ അവസരങ്ങളിൽ നടത്തേണ്ടതാണെന്നും, ആയത് സംബന്ധിച്ച വിശദ വിവരങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 11.1.2021 തീയതിയിലെ നം.ഡി.ഡി2/336/2020/ത.സ്വ.ഭ.വ ന്റെ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.- 25/29.11.23ന് ലഭ്യമാക്കിയ മറുപടിയിൽ പരിശോധനകൾ നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.എന്നാൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിശോധനകൾ നടത്തേണ്ടതും നിശ്ചിത മാതൃകയിലുള്ള പരിശോധനാ റിപ്പോർട്ടുകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമെൻസ് ഓഡിറ്റ് | 29/5/2022 | 2/2022 മുതൽ 4/2022 | 2915/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2/2021 | 2026-17 To 2020-21 | ലഭ്യമായിട്ടില്ല |

## 1-11 തനത് വരുമാനം - അവലോകനം.

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് പഞ്ചായത്തിലെ വിഭവസമാഹരണത്തിന്റെ വ്യാപ്തിയും ആയതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/24.11.2023) പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

2. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിരന്തര ഇടപെടലിലൂടെയും ക്യാമ്പ് കളക്ഷൻ മുഖേനയും തനത് വരുമാനങ്ങളായ കെട്ടിട നികുതിയും ലൈസൻസ് ഫീയും പിരിച്ചെടുക്കുന്നതിൽ 85% പുരോഗതി കൈവരിക്കാൻ സാധിച്ചതായി അറിയിച്ചു.

3. ക്യാമ്പ് കളക്ഷൻ, നോട്ടീസ് നൽകൽ, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി 2805073/-രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കുടിശ്ശിക തുക പരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ക്രിയാത്മക നടപടികൾ ശുപാർശ ചെയ്തിട്ടില്ല.

4. 1/4/2023ലെ വസ്തു നികുതി പരിഷ്കരണത്തിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അനുമതി നൽകി തുടർ പ്രവർത്തനം നടന്നു വരുന്നതായി അറിയിച്ചു.

5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പിരിവ് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേരുന്നില്ല.

വസ്തു നികുതി

1. 2022-23 സാമ്പത്തികവർഷത്തിൽ 100% വസ്തുനികുതി പിരിവ് കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

2. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ.എൽ.ജി.എം.എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി. യിലെയും വാർഷികധനകാര്യ പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല.

3. സ.ഉ.(അച്ചടി) 25/2023 /തസ്വഭവ, തീയതി 5/4/2023 പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. മേഖലാ വിഭജനം സംബന്ധിച്ച പുതിയ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോഡ് മാപ്പ് തയ്യാറാക്കി സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

5. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലാതെ ഈടാക്കുന്നുണ്ട്.

6. ILGMSൽ ക്യാൻസൽ ചെയ്യുന്ന എല്ലാ രസീതുകളും സഞ്ചയയിൽ ക്യാൻസൽ ചെയ്യുന്നുണ്ടെന്നും, കൂടാതെ എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ടെന്നും സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്.

7. കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷിക്കുന്നില്ല.

തൊഴിൽനികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത് എന്നത് വ്യക്തമല്ല. തൊഴിലുടമ നല്കുന്ന നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ വിവരങ്ങളും വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

4. ഇൻഡോർ ക്ലബ്, ടർഫ് കോർട്ട്, സ്റ്റേഡിയങ്ങൾ, കേബിൾ,ടി.വി.നെറ്റ് വർക്ക്, പ്രദർശന വിപണന മേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുവാനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ല.

പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ വരുമാനവും കുടിശ്ശികയില്ലാതെ ഈടാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഓൺലൈൻ ആപ്ലിക്കേഷനുകളിലൂടെ ലഭ്യമാകുന്ന തുകകൾ സമയബന്ധിതമായി ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ ലഭിക്കുന്നില്ല

വാർഷിക കണക്കുകൾ ആർ.പി.40(ബി) പ്രകാരം എസ്. ബി. ഐ. ഇപേമെന്റ് അക്കൌണ്ടിന്റെ (നം.37180976480) നീക്കിയിരിപ്പ് 3034306/- രൂപയാണ്. എന്നാൽ പ്രസ്തുത അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 2,953,166/- രൂപയാണ്. വ്യത്യാസം 81140/- രൂപ. പ്രസ്തുത തുകയിൽ 3254/- രൂപ ജനന-മരണ-വിവാഹ ഓൺലൈൻ ആപ്ലിക്കേഷനുകളിലൂടെ രസീത് ചെയ്യപ്പെട്ടിട്ടും 31.03.2023 വരെ ഗ്രാമപഞ്ചായത്തിനു ലഭിക്കാത്തതാണെന്നും, 77886/-രൂപ വസ്തുനികുതി ഇ പേമെന്റ് ഇനത്തിൽ സഞ്ചയയിൽ രസീത് ചെയ്യപ്പെട്ടിട്ടും, 31.03.2023 വരെ ഗ്രാമപഞ്ചായത്തിനു ലഭിക്കാത്തതാണെന്നും, ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.47) മറുപടി ലഭ്യമാക്കി.

ഓൺലൈൻ അപേക്ഷകളിലൂടെ ഗുണഭോക്താവ് ഒടുക്കുന്ന ഫീസുകളും നികുതിയും അപ്പോൾ തന്നെ ഗുണഭോക്താവിന്റെ അക്കൌണ്ടിൽ നിന്നും കുറവു ചെയ്യപ്പെടുന്നുണ്ട് എന്നിരിക്കേ, പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെടുന്നില്ലായെന്നത് ക്രമരഹിതമാണ്. ഓൺലൈൻ ഇടപാടുകളിലൂടെ ലഭ്യമാകുന്ന തുകകൾ അതതു സമയത്തു തന്നെ ഗ്രാമപഞ്ചായത്തിന്റെ ഇതിനായി ലിങ്ക് ചെയ്തിട്ടുള്ള അക്കൌണ്ടിൽ ലഭിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും പരിഹാരം കാണേണ്ടതുമാണ്.

## 1-13 ചെക്കുകൾ പണമാക്കിയിട്ടില്ല -

ഐ.ഒ.ബി. തനതു അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ 181790/- രൂപ പണമാക്കാത്ത ചെക്കുകളുടെ തുകയായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ കാലഹരണപ്പെട്ടവയാണ്.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 3117167 | 16.09.2020 | 17850 |
| 1 | 15.03.2022 | 1320 |
| 3117167 | 16.09.2020 | 1250 |
| 151608 | 13.12.2021 | 1000 |
| 522227 | 01.07.2017 | 404 |
| 0249268 | 19.03.2021 | 13250 |
| 1 | 15.11.2019 | 80 |
| 522227 | 13.07.2017 | 2755 |
| SB/XY2 | 07.09.2018 | 1250 |
| 2314822 | 16.08.2018 | 5750 |
| 7E33C1469CF75040 | 23.05.2022 | 2 |
| 307461 | 20.06.2018 | 12250 |
| 1 | 20.01.2021 | 1705 |
| 2314823 | 30.04.2022 | 5500 |
| രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | 4950 |
| 3117169 | 25.02.2021 | 1250 |
| 3117169 | 25.02.2021 | 16600 |
| 1 | 31.10.2020 | 1250 |
| 151250 | 04.03.2020 | 1500 |
| **ആകെ** | | **89916** |

പണമാക്കാനവശേഷിക്കുന്ന മേൽ ചെക്കുകൾ പണമാക്കാത്തതിനു വിശദീകരണം ലഭ്യമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 47/01.12.2023) പണമാക്കാത്ത ചെക്കുകൾ ഡ്യൂപ്ലിക്കേറ്റഡ് റസീറ്റ്സ് ആണോ എന്നതു പരിശോധിച്ച് ഉറപ്പുവരുത്തി തുടർവർഷ വാർഷികകണക്കുകളിൽ മാറ്റം വരുത്തുന്നതാണെന്നു മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 ലേലം - ജി എസ്സ് റ്റി ഈടാക്കിയിട്ടില്ല.

2022-23സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുള്ള ലേലങ്ങളുടെ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള ലേല ഡയറികളിൽ ഒരെണ്ണത്തിൽ പോലും അത്യാവശ്യ വിവരങ്ങൾ(ലേല തീയതി, തുക അടവാക്കിയ തീയതി, സെക്രട്ടറിയുടെ ഒപ്പ്, ലേലം അംഗീകരിച്ച കമ്മിറ്റി തീരുമാനം) പൂരിപ്പിച്ചിട്ടില്ല. ആയതിനാൽ ലേലം പിടിച്ച എല്ലാ വ്യക്തികളും തുക അടവാക്കിയിട്ടുണ്ടോ എന്ന വിവരം ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.
പട്ടക്കുളം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് എന്ന ലേലം ശ്രീ. രാജേന്ദ്രൻ നായർ എന്ന വ്യക്തിക്ക് 113700/-രൂപയ്ക്ക് ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ടിയാൾ 16/5/2022 തീയതിയിൽ 112700/-രൂപ (1220200770) അടവാക്കിയിട്ടുണ്ട്. 23/3/2022തീയതിയിലെ A1-2668/22 നം. ലേല നോട്ടീസ് പ്രകാരം "ലേലം വിളിക്കുന്ന ആൾ ലേലത്തുക 18% GST അടക്കം മൂന്ന് ഗഡുക്കളായി ഒടുക്കേണ്ടതാണ് " ടിയാളിൽ നിന്ന് 18% GST ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാനായി ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/25.11.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.
1994-ലെ കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12%പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലേലം ഉറപ്പിച്ച തുകയുടെ 113700/-രൂപയുടെ 18% GST തുകയായ 20466/-രൂപ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായി മാറുന്നതാണ്.

## 1-15 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. പൂവച്ചൽ ഗ്രാമ പഞ്ചായത്ത് വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയർ(സഞ്ചയ) പ്രകാരം താഴെപ്പറയുന്ന വാർഡുകൾ പരിശോധിച്ചതിൽ 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| വാർഡ് | കെട്ടിട നമ്പർ | പേര് | ഫ്ളോർ ഏരിയ ച.മീ |
|---|---|---|---|
| 2 | 114 | സിബിലി നഹാൻ(ജിബിന മൻസിൽ,ഉണ്ടപ്പാറ,പൂവച്ചൽ പി ഒ,695575) | 67 M2 |
| 2 | 120 | സുധീർമുഹമ്മദ്(സുധീർ മൻസിൽ,ഉണ്ടപാറ,പൂവച്ചൽ പി ഒ,695575,9645086169(മൊബൈൽ)) | 88m2 |
| 2 | 140 | ഹയറുന്നിസ(ബസ്മി മൻസിൽ, കാവുംമൂല,,ഉണ്ടപ്പാറ,പൂവച്ചൽ പി ഒ,695575) | 70m2 |
| 2 | 173 | അഹമ്മദ്കബീർ(വിളയിൽവീട്,ഉണ്ടപാറ,പൂവച്ചൽ പി ഒ,695575) | 84m2 |
| 2 | 179 | സുലൈഖാ ബീവി(വിളയിൽ വീട്,ഉണ്ടപ്പാറ,പൂവച്ചൽ പി ഒ,695575) | 64m2 |
| 2 | 138 | ഷാബു.എസ്(കുറണ്ടിപള്ളി വീട്,ഉണ്ടപാറ,പൂവച്ചൽ പി ഒ,695575) | 68m2 |
| 2 | 572 | സനിൽകുമാർ.ഡി.ജി(ശ്രേയസ്,കൊണ്ണിയൂർ,പുനലാൽ പി ഒ,695575,9544254031(മൊബൈൽ)) | 64.24m2 |
| 1 | 69 | ബിന്ദു(വി.വി ഭവൻ,കൊണ്ണിയൂർ,പുനലാൽ പി ഒ,695575) | 75 M2 |
| 1 | 129 | സുരേഷ് കുമാർ(അയന്തിച്ചിറ,ഉറിയാക്കോട്,പുനലാൽ പി ഒ,695575) | 126m2 |
| 1 | 144 | അനിൽ കുമാർ(അയണിച്ചിറ,കൊണ്ണിയൂർ,പുനലാൽ പി ഒ,695575) | 110m2 |

| | | | |
|---|---|---|---|
| 1 | 151 | വേലപ്പൻ ആചാരി(പാറവിളാകത്തു വീട്,കൊണ്ണിയൂർ,പൂനലാൽ പി ഒ,695575) | 120m2 |
| 1 | 154 | കൃഷ്ണൻ സി(ഐശ്വര്യ ഭവൻ,കൊണ്ണിയൂർ,പൂനലാൽ പി ഒ,695575) | 110m2 |
| 1 | 170 | നാസിറ ബീവി(ഫാത്തിമ മൻസിൽ,കൊണ്ണിയൂർ,പൂനലാൽ പി ഒ,695575) | 70m2 |
| 1 | 183 | സലിം(വിളയിൽ വീട്,കൊണ്ണിയൂർ,പൂനലാൽ പി ഒ,695575) | 66m2 |
| 1 | 132 | അൻവർഖാൻ.ഇ(കുളങ്ങരകുഴിറോഡരികത്ത് വീട്,കൊണ്ണിയൂർ,പൂനലാൽ പി ഒ,695575,9539081212(മൊബൈൽ)) | താഴത്തെ നില (64ച മീ) |
| 1 | 137 | സുരേന്ദ്രൻ നായർ(മുരുകാ ഭവൻ,കൊണ്ണിയൂർ,പൂനലാൽ പി ഒ,695575) | താഴത്തെ നില (72ച മീ) |
| 1 | 276 | ജിമ്മി.ഡി(ജോയി ഭവൻ,ചക്കിപ്പാറ കൊണ്ണിയൂർ,പൂവച്ചൽ പി ഒ,695575) | 70 M2 |
| 1 | 328 | കോൺവെൻറ്(കൊണ്ണിയൂർ,പൂനലാൽ പി ഒ,695575) | താഴത്തെ നില (483ച മീ), ഒന്നാം നില (30ച മീ) |
| 1 | 352 | ഓമന(ചൂരംകുഴിമേക്കംകരപുത്തൻവീട്,കൊണ്ണിയൂർ,പൂനലാൽ പി ഒ,695575,9946959627(മൊബൈൽ)) | താഴത്തെ നില (80ച മീ) |
| 1 | 391 | സെയ്താലി(തോട്ടരികത്തുവീട്,പച്ചക്കാട് കൊണ്ണിയൂർ,പൂവച്ചൽ പി ഒ,695575) | താഴത്തെ നില (114ച മീ) |
| 1 | 417 | റഹീന(മൈലവിള,ചക്കിപ്പാറ കൊണ്ണിയൂർ,പൂനലാൽ പി ഒ,695575) | താഴത്തെ നില (78ച മീ) |
| 1 | 533 | സോഫർജിൻ(കാരുണ്യ ഭവൻ,കൊണ്ണിയൂർ,ഉറിയാക്കോട് പി ഒ,695543) | താഴത്തെ നില (160ച മീ) |
| 1 | 617 | രമ(പുലരി,ഉറിയക്കോട്,ഉറിയാക്കോട് പി ഒ,695543,8907586906(മൊബൈൽ)) | താഴത്തെ നില (64ച മീ) |
| 1 | 688 | ജയശ്രീ(കൊണ്ണിയൂർ,പൂനലാൽ പി ഒ,695575) | താഴത്തെ നില (70ച മീ) |

| | | | |
|---|---|---|---|
| 1 | 716 | ഷൈല(അരിയോട് ഭവൻ,കൊണ്ണിയൂർ,പൂവച്ചൽ പി ഒ,695575,9744049791(മൊബൈൽ)) | താഴത്തെ നില (110ച മീ) |
| 1 | 721 | വിക്ടോറിയ(സിയോൺവിളാകത്തു വീട്,കുന്നവിള,ഉറിയാക്കോട് പി ഒ,695543) | താഴത്തെ നില (70ച മീ) |
| 1 | 722 | എസക്ക്യാവ്(അരുവിയോട് മേലേ പുത്തൻവീട്,കുന്നവിള,ഉറിയാക്കോട് പി ഒ,695543) | താഴത്തെ നില (70ച മീ) |
| 1 | 724 | യേശുദാസൻ(കുന്നവിള വീട്,കൊണ്ണിയൂർ,ഉറിയാക്കോട് പി ഒ,695543) | താഴത്തെ നില (70ച മീ) |

മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/25.10.2023) 2023-24 ടാക്സ് റിവിഷൻ ചെയ്യുന്ന സമയത്ത് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-16 വസ്തു നികുതി - അപാകതകൾ

വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. നികുതി ഡിമാന്റ് ചെയ്യാതെ വസ്തു നികുതി പിരിച്ചെടുത്തു.**

വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയർ(സഞ്ചയ) പ്രകാരം താഴെപ്പറയുന്ന വാർഡുകൾ മാത്രം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യാതെ നികുതി തുക പരിച്ചെടുത്തതായും അഡ്വാൻസ് ഇനത്തിൽ തുക നില നിൽക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്(ഡിമാന്റ് തുക 0). വിശദാംശം ചുവടെ.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം ച.മീ | നാളിതുവരെ പിരിച്ചെടുത്ത തുക |
|---|---|---|---|---|---|
| 1 | 6/35 | Leela | പാർപ്പിടാവശ്യം | 18 | 172 |
| 2 | 6/70 | Mohanan Nair(Ratheesh Bhvan) | പാർപ്പിടാവശ്യം | 56 | 236 |
| 3 | 6/170 | Kumaran S,Sreekumari(N A Bhavan,N A Bhavan) | പാർപ്പിടാവശ്യം | 35 | 650 |
| 4 | 6/268 | Lathika Kumari(Kidarakkuzhy Puthen Veedu) | പാർപ്പിടാവശ്യം | 63 | 798 |
| 5 | 6/319 | Bindhu(Thevarakuzhy Mele Puthen Veedu) | പാർപ്പിടാവശ്യം | 58 | 1480 |
| 6 | 18/392 | Sasi(S T Nivas) | പാർപ്പിടാവശ്യം | 30 | 555 |
| 7 | 18/401 | Sisily(Poochedivila Puthen Veedu) | പാർപ്പിടാവശ്യം | 30 | 504 |
| 8 | 18/575 | Muhamed Maideen(J.M.Manzil) | പാർപ്പിടാവശ്യം | 30 | 448 |
| 9 | 18/589 | Geetha.A(Kukkurini Thekumkara Puthen | പാർപ്പിടാവശ്യം | 30 | 444 |

| | | | | | |
|---|---|---|---|---|---|
| | | Veedu) | | | |
| 10 | 18/591 | Sebastian(Kukkurini Thekumkara Puthen Veedu) | പാർപ്പിടാവശ്യം | 30 | 444 |
| 11 | 18/666 | Cherupushpam(Abhayam) | പാർപ്പിടാവശ്യം | 30 | 636 |
| 12 | 1/129 | Suresh Kumar | പാർപ്പിടാവശ്യം | 126 M2 | 1324 |
| 13 | 2/140 | Hayarunnisa | പാർപ്പിടാവശ്യം | 70 | 1436 |
| 14 | 2/238 | Shabu | പാർപ്പിടാവശ്യം | 68 | 1716 |

**2. കെട്ടിടങ്ങളെ നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഒന്നാം വാർഡിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളലെ കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Missing From | Missing To | Missing Total | Missing From | Missing To | Missing Total |
|---|---|---|---|---|---|
| 19 | - | 1 | 252 | - | 1 |
| 74 | - | 1 | 260 | - | 1 |
| 113 | 114 | 2 | 269 | - | 1 |
| 124 | - | 1 | 274 | - | 1 |
| 130 | - | 1 | 278 | - | 1 |
| 149 | - | 1 | 280 | - | 1 |
| 155 | - | 1 | 470 | - | 1 |
| 172 | - | 1 | 474 | - | 1 |
| 186 | - | 1 | 476 | 477 | 2 |
| 215 | 217 | 3 | 499 | 500 | 2 |
| 516 | - | 1 | 526 | - | 1 |
| 581 | - | 1 | 591 | - | 1 |
| 634 | - | 1 | 727 | - | 1 |
| 749 | - | 1 | 761 | - | 1 |
| 764 | - | 1 | 771 | - | 1 |
| 778 | - | 1 | 784 | - | 1 |
| 791 | - | 1 | | | |

**3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(ഐ) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹത്തിന് വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി,60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 3/329 | പാലി.ആർ(പാറയിൽ പുത്തൻവീട്,ആലമുക്ക്,പൂവച്ചൽ പി ഒ,695575) | പാർപ്പിടം | താഴത്തെ നില (330ച മീ) |

**4.ഒരു വ്യക്തിയുടെ ഒന്നിലധികം വാസഗൃഹങ്ങൾക്ക് നികുതി ഇളവ് നൽകി.**

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ

(660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. (ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ) ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | കെട്ടിട നംമ്പർ | പേര് | ഫ്ളോർ ഏരിയ ച.മീ |
|---|---|---|---|
| 1 | 119 | Reji G | 56 M2 |
| 1 | 116 | | 42m2 |
| 1 | 235 | Surendren Nair | 9m2 |
| 1 | 236 | | 15m2 |

മേൽ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (12,14/28.10.2023), 2023-24 ടാക്സ് റിവിഷൻ ചെയ്യുന്ന സമയത്ത് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-17 ലൈസൻസ് അപാകതകൾ

**ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.**

**1.** പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഹാജരാക്കിയ ട്രേഡേഴ്സ് രജിസ്റ്റർ സഞ്ചയ സോഫ്റ്റ് വെയറിലെ വാണിജ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രിന്റ് ചെയ്ത ലിസ്റ്റാണ്. ഓരോ കെട്ടിടത്തിലും പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനത്തിന്റെ വിവരം അതിൽ രേഖപ്പെടുത്തിയിട്ടില്ല.

**2.** ഗ്രാമപഞ്ചായത്തിലെ ‘അസംബ്ളി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപം, ലോഡ്ജ്, സിനിമ തീയേറ്റർ, ’ എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണയിച്ചിട്ടുള്ള 16 കെട്ടിടങ്ങൾ ഉണ്ട് . എന്നാൽ ഈ ഇനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം പോലും ലൈസൻസ് എടുത്തിട്ടില്ല.

**3.** 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യമാണ്. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (സി. എസ്)എ9-764/2019 നം. കത്ത് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുമുണ്ട്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന റേഷൻ കടകളിൽനിന്നും 2022-2023 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല.

**4.** 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 'വാണിജ്യാവശ്യത്തിനുള്ള100ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൌണുകൾ' എന്ന ഇനത്തിൽ മാത്രം വസ്തു നികുതി നിർണയിച്ചിട്ടുള്ള 2333 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 452സ്ഥാപനങ്ങൾ മാത്രമാണ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തിട്ടുള്ളത്.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/28.11.2023) ലൈസൻസ് എടുക്കുന്നതിന് എല്ലാ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, വരും കാലങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസ് അനുവദിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണെന്ന് മറുപടി നൽകി. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ

പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-18 വൻതുക വാടക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നു.

കാട്ടാക്കട മാർക്കറ്റിലും പട്ടകുളം ഷോപ്പിംഗ് കോംപ്ളക്സിലുമായി 49 കടമുറികൾ ഉള്ളതിൽ 42 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളവയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻവർഷം 1280705/-രൂപയും തൻവർഷം 250279/-രൂപയുമുൾപ്പെടെ 1530984/-രൂപ വാടകകുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്ററിൽ വാടക കുടിശ്ശിക വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. കടമുറികൾ വാടയ്ക്ക് എടുത്തിട്ടുള്ളവർ പഞ്ചായത്തുമായി വച്ചിട്ടുള്ള വാടക കരാറുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. 2022-23ലെ വാടക കുടിശ്ശികയുടെ വിശദ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(5/25.11.2023) മറുപടി ലഭ്യമാക്കിയില്ല. രേഖപ്പെടുത്തലുകൾ വരുത്താതെ വാങ്ങുന്ന വാടക കരാറുകൾ ഭാവിയിൽ ഉണ്ടായേക്കാവുന്ന വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കാനുപകാരപ്പെടില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 കാട്ടാക്കട മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് - നിരക്ക് നിശ്ചയിച്ചിട്ടില്ല.

കാട്ടാക്കട മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് കുടുംബശ്രീയ്ക്ക് ആണ് നൽകിയിരിക്കുന്നത്. വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-23സാമ്പത്തിക വർഷത്തിൽ കാട്ടാക്കട മാർക്കറ്റിൽ നിന്ന് ഗേറ്റ് ഫീസ് പിരിവ് തുക 703534/-രൂപയാണ്. മാർക്കറ്റിൽ നിന്നുള്ള ഗേറ്റ് ഫീസ് പിരിവ് കുടുംബശ്രീക്ക് കൈമാറിയതുമായി ബന്ധപ്പെട്ട കരാർ, ഭരണ സമിതി തീരുമാനം ,മാർക്കറ്റ് ഫീസ് പിരിക്കുന്നതിന്റെ നിരക്ക് നിശ്ചയിച്ച മാനദണ്ഡം , ഫീസ് നിരക്ക് അംഗീകരിച്ച ഭരണ സമിതി തീരുമാനം എന്നിവ ഓഡിറ്റിന് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (40/1.12.2023) മറുപടി ലഭ്യമാക്കിയില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും ) ചട്ടങ്ങൾ, ചട്ടം 4പ്രകാരം പ്രത്യേക വിഭാഗത്തിലും ഇനത്തിലുമുള്ള ചരക്കുകൾക്ക് വേണ്ടി പ്രത്യേകം സ്റ്റോളുകൾ നീക്കി വയ്ക്കേണ്ടതും, ചട്ടം 8പ്രകാരം മാർക്കറ്റിലെ സ്ഥലത്തിന്റെ ഉപയോഗത്തിനോ, അവിടെ വിൽപ്പനയ്ക്കായി സാധനങ്ങൾ വയ്ക്കുന്നതിന്റെ അവകാശത്തിനോ വേണ്ടി ഓരോ ഇനത്തിനും പ്രത്യേകം ഫീസ് നിരക്ക് നിശ്ചയിക്കേണ്ടതും ആയത് ചട്ടം 17പ്രകാരം മാർക്കറ്റിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

കാട്ടാക്കട മാർക്കറ്റ് ഗേറ്റ് ഫീസ് നിരക്ക് മേൽ ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കേണ്ടതും ആയത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തി, നിരക്ക് പ്രകാരം കൃത്യമായി ഗേറ്റ്ഫീസ് പിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 പ്രവർത്തനമാരംഭിക്കാത്ത കട്ട യൂണിറ്റിന്റെ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഒടുക്കിയത് - 19499/- രൂപ തടസ്സം ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിൽ ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത കട്ട നിർമ്മാണ യൂണിറ്റിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ ചെക്ക് നം.456103 പ്രകാരം 19499/- ഭരണസമിതിയുടെ 05.01.2023 ലെ 4(4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. 11.01.2023 തീയതിയിൽ നൽകിയ ഡിമാന്റ് കം ഡിസ്കണക്ഷൻ നോട്ടീസ് പ്രകാരമാണ് പ്രസ്തുത തുക ഒടുക്കിയിട്ടുള്ളത്. 17935/- രൂപയുടെ കുടിശ്ശിക ഉൾപ്പെടെ ആണ് പ്രസ്തുത തുക ഡിമാന്റ് ചെയ്തിട്ടുള്ളത്. കട്ട നിർമ്മാണയൂണിറ്റിലെ മെഷീനറികളുടെ അവസ്ഥ,നാളിതുവരെ പ്രവർത്തിക്കാത്ത കട്ട യൂണിറ്റിന് വൈദ്യുതി ചാർജ്ജ് ഒടുക്കിയ സാഹചര്യം എന്നിവ വ്യക്തമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29) മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ചെലവ് തുകയായ 19499/- രൂപ തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.കൂടാതെ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 ചെലവിന്റെ ആധികാരികത വ്യക്തമല്ല – 25510/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

30.03.2022 ലെ ഭരണസമിതി യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 02.09.2021 മുതൽ 14.09.2021 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച ഡി.സി.സി. കളിലേക്കും, വിവിധ ആശുപത്രികളിലേക്കും, ആശുപത്രികളിൽ നിന്നും വീടുകളിലേക്കും രോഗികളെ എത്തിച്ച 'മാനുഷം' ആംബുലൻസ് സർവീസിന് 25510/- രൂപ അനുവദിച്ചിട്ടുണ്ട് (ചെക്ക് നം. 152391/18.06.2022). File No: 400229/PHCD02/GPO/2022/1756 ലെ രേഖകൾ

പരിശോധിച്ചതിൽ ഹയർ ചാർജ്ജസ് അനുവദിക്കുന്നതിലേക്കായി ഐ.എൽ.ജി.എം.എസ്. ൽ അപ് ലോഡ് ചെയ്തിട്ടുള്ള ട്രിപ് ഷീറ്റുകൾ അവ്യക്തമായാണ് കാണുന്നത്. 2020-21 സാമ്പത്തിക വർഷത്തിലേക്കുള്ള ചെലവ് 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിക്കുവാനുള്ള കാരണവും വ്യക്തമല്ല. 2020-21 കാലയളവിൽ ടി സ്ഥാപനത്തിന് ഇതേ ആവശ്യത്തിന് തുക അനുവദിച്ചിട്ടില്ലായെന്നത് ഭരണസമിതിയോ, ഉദ്യോഗസ്ഥരോ, സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 29) മറുപടി ലഭ്യമാക്കുകയോ, വ്യക്തതയുള്ള രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ ചെലവ് തുകയായ 25510/- രൂപ തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ശമ്പള കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ - 119435/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിലെ ക്ലർക്കായ ശ്രീ. ഉണ്ണികൃഷ്ണൻ ആർ ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.05.2022 ലെ DDP-TVM/717/2022-E3 നമ്പർ നടപടിക്രമത്തിലൂടെ 29.07.2018 പ്രാബല്യത്തിൽ 20000-45800 സ്കെയിലിൽ ടൈം ബൌണ്ട് ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം. 152419/14.07.2022 ലൂടെ ടിയാൾക്ക് 119435/- രൂപ കുടിശ്ശികയിനത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലിൽ (File No: 400229/GAEE22/GPO/2022/2169) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പളം നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, കുടിശ്ശിക തിട്ടപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് (ഡ്യൂ-ഡ്രാൺ സ്റ്റേറ്റ്മെന്റ്), സെക്രട്ടറിയുടെ നടപടിക്രമം തുടങ്ങിയവ ഉൾക്കൊള്ളിച്ചിട്ടില്ല. ശ്രീ. ഉണ്ണികൃഷ്ണൻ ആർ ന്റെ അടിസ്ഥാന ശമ്പളം, 2019 പേ റിവിഷൻ അടിസ്ഥാനമാക്കിയുള്ളത് ഓഡിറ്റ് വകുപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 29, 48) ഫയലിന്റെ ഹാർഡ് കോപ്പി ലഭ്യമാക്കിയെങ്കിലും മേൽ ആവശ്യപ്പെട്ട രേഖകൾ ഫയലിൽ ലഭ്യമായിരുന്നില്ല. ആയതിനാൽ മേൽ പ്രകാരം ചെലവ് ചെയ്ത തുക 119435/- രൂപ തടസ്സം ചെയ്യുന്നു. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതും, പരാമർശത്തിനുമേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ചികിത്സാ സഹായം അനുവദിക്കുന്നത് - നടപടിക്രമം പാലിക്കുന്നില്ല.

ചെക്ക് നം. 152444/01.08.2022 പ്രകാരം തൊഴിലുറപ്പ് പദ്ധതിക്കിടെ സുഖമില്ലാതാകുകയും, തുടർന്ന് ആശുപത്രിയിൽ ചികിത്സയിലിരിക്കേ മരണപ്പെടുകയും ചെയ്ത പാത്തുമ്മാബീവിയുടെ കുടുംബത്തിന് 75000/- രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. സർക്കുലർ നം. ഡിഡി2/252/2020/തസ്വഭവ തീയതി 05.02.2021 പ്രകാരം പ്രവൃത്തിക്കിടെ അപകടം സംഭവിച്ചുള്ള മരണം, കുഴഞ്ഞു വീണുള്ള മരണം, ഹൃദയാഘാതം മൂലമുള്ള മരണം തുടങ്ങിയ അത്യാഹിതങ്ങൾക്ക് നിയമപരമായ അവകാശിക്ക് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് എക്സ്ഗ്രേഷ്യാ സഹായം അനുവദിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.03.2023 ലെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ ധനസഹായം അനുവദിച്ചിട്ടുള്ളത്.

പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 29) 04.05.2022 ലെ 1(1) ഭരണസമിതി തീരുമാനത്തിന്റെയും, എം.ജി.എൻ.ആർ.ഇ.ജി.എസ്. അസി. എഞ്ചിനീയറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത് എന്നു മറുപടി നൽകി. ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു മതിയായ അധികാരമുള്ള സ്ഥാനങ്ങളിൽ നിന്നും അനുമതി നേടേണ്ടതാണ്. ഭാവിയിൽ ബി.പി.ഒ. യുടെ നടപടിക്രമം അടിസ്ഥാനമാക്കി മാത്രം മേൽ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ദുരിതാശ്വാസ നിധി - ഇടപാടുകളിലെ ന്യൂനതകൾ

വാർഷിക കണക്കുകൾ പ്രകാരം ദുരിതാശ്വാസ നിധിയിലെ മുന്നിരിപ്പ് 8905/- രൂപയും, തൻ വർഷ വരവ് 84,987.00 രൂപയുമാണ്. വിവിധ ചെക്കുകളിലൂടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും ആയതു 3500, 3000, 4000, 5000 തുടങ്ങിയ വ്യത്യസ്ത നിരക്കുകളിലാണ് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം വ്യത്യസ്ത നിരക്കുകളിൽ തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമല്ല. ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചെലവുകൾക്കായി ഒരു ബൈലോ തയ്യാറാക്കി ഭരണസമിതി അംഗീകാരം നേടേണ്ടതും, അതിൻപ്രകാരം ആനുകൂല്യം അനുവദിക്കാവുന്നതുമാണ്.

ദുരിതാശ്വാസനിധി അക്കൌണ്ടിൽ നിന്നും ബാങ്ക് ചാർജ്ജിനത്തിൽ തുക നഷ്ടമാകുന്നുണ്ട്. ദുരിതാശ്വാസനിധി നിക്ഷേപിച്ചിട്ടുള്ള എസ്.ബി.ഐ.യിലെ ഡിസ്ട്രസ് റിലീഫ് അക്കൌണ്ട് നം. 67387490348 അക്കൌണ്ട് 'Regular SB CHQ-INDIVIDUALS' എന്ന ഡിസ്ക്രിപ്ഷനിൽ ആണ് ബാങ്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ടി അക്കൌണ്ടിൽ നിന്നും "Excess Cash Deposit Charges' എന്ന ഹെഡിൽ തൻവർഷം 7021/- രൂപ ബാങ്ക് ഈടാക്കിയിട്ടുണ്ട്. പ്രസ്തുത അക്കൌണ്ടിന്റെ തൻ വർഷ വരവ് 84987/- രൂപ മാത്രമാണ്. ദുരിതാശ്വാസനിധിയിൽ നിന്നും ബാങ്ക് ചാർജ്ജസ് ഇനത്തിൽ തുക

നഷ്ടമാകുന്നതു ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.39/1.12.23) മറുപടി ലഭ്യമാക്കിയില്ല. ദുരിതാശ്വാസനിധി സൂക്ഷിപ്പിലെ അപാകങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്.

## 1-25 വിവിധ പ്രവർത്തികളുമായി ബന്ധപ്പെട്ട് ഭരണസമിതി നിർദേശിച്ച നടപടികളുടെ തുടർ വിവരം അറിയിക്കേണ്ടതാണ്.

1. പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ ആലമുക്ക് വാർഡിൽ (വാർഡ് 3) ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2017-2018 സാമ്പത്തിക വർഷത്തിൽ ശ്രീ സലീം, കെ പി ഹൌസ്, ആലമുക്ക്, പൂവച്ചൽ പി ഒ എന്നയാളിൻറെ പുരയിടത്തിൽ ആരംഭിച്ച ഫലവൃക്ഷ നഴ്സറിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് എം ജി എൻ ആർ ഇ ജി എസ് അസ്സിസ്റ്റൻറ് എഞ്ചിനിയർ സമർപ്പിച്ച കത്ത് യോഗം വിശദമായി പരിശോധിച്ചു. പ്രസ്തുത നഴ്സറിക്കായി ഉപയോഗിച്ചിരുന്ന സ്ഥലം അടിയന്തിരമായി ഒഴിയണമെന്ന് സ്ഥലം ഉടമ ആവശ്യപ്പെട്ടിട്ടുള്ളതായും ടി നഴ്സറി നിലവിൽ പ്രവർത്തിക്കുന്നില്ല എന്നതും യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ ശ്രീ സലീം, കെ പി ഹൌസ്, ആലമുക്ക്, പൂവച്ചൽ പി ഒ എന്നയാളിൻറെ പുരയിടത്തിൽ ആരംഭിച്ച ഫലവൃക്ഷ നഴ്സറിയുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനും നഴ്സറി നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ള സ്റ്റീൽ പൈപ്പുകളുടെ വാല്യുവേഷൻ തയ്യാറാക്കുന്നതിന് എൽ എസ് ജിഡി അസ്സിസ്റ്റൻറൻറ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയും വാല്യുവേഷനനുസൃതമായി പരസ്യ ലേലത്തിനുള്ളതുടർ നടപടി സ്വീകരിക്കുന്നതിന് എം.ജി എൻ ആർ ഇ ജി എസ് അസ്സിസ്റ്റൻറ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയും യോഗം ഐക്യ കണ്ഠ്യേന തീരുമാനിച്ചു. (30.3.22ലെ നം 13തീരുമാനം)

ഇതിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 26 , തീയതി : 29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലം നടത്തി തുക അടവാക്കിയതുമായി ബന്ധപ്പെട്ട തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ആർദ്രം പദ്ധതിയുടെ ഭാഗമായി പൂവച്ചൽ ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള വീരണകാവ് പി.എച്ച്.സി(കള്ളിക്കാട് ഓൾഡ്) നെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയുണ്ടായി. ആയതിൻറെ ഭാഗമായി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ ശ്രീ വേണുകുമാർ എന്നയാളാണ് നിർവ്വഹിച്ചിട്ടുള്ളത്. പൂവച്ചൽ ഗ്രാമപഞ്ചായത്തിൻറെ 24/06/2019 തീയതിയിലെ VI(31) നമ്പർ തീരുമാനത്തിനനുസരിച്ച് ടിയാൾ ഡി .പി ആറിൽ ഉൾപ്പെടാത്ത ചില പ്രവർത്തികൾ നടത്തി എന്നും പ്രസ്തുത പ്രവർത്തികൾക്ക് 6,35,616 (ആറ് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുന്നൂറ്റി പതിനാറ് രൂപ മാത്രം) രൂപ ചെലവായതായും പ്രസ്തുത തുക ഗ്രാമപഞ്ചായത്താഫീസിൽ നിന്നും അനുവദിക്കണമെന്നും കാണിച്ച് ശ്രീ വേണുകുമാർ സമർപ്പിച്ച അപേക്ഷ, യോഗം വിശദമായി പരിശോധിച്ചു. അപേക്ഷയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനും കരാറുകാരൻ അവകാശപ്പെടുന്ന തുകകളും, ഡി പി ആറിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങൾ കരാറുകാരൻ നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുമായി പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, അസ്സിസ്റ്റൻറ് സെക്രട്ടറി, ,ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ, പൂവച്ചൽ ഗ്രാമപഞ്ചായത്ത്, വികസന കാര്യ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ, അസ്സിസ്റ്റൻറ് എഞ്ചിനിയർ എന്നിവരെ ഉൾപ്പെടുത്തി പരിശോധനാ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.- 26 , തീയതി : 29.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിലെ തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 റോഡ് കോൺക്രീറ്റിൽ ഫോം വർക്ക് ഉൾപെടുന്ന നിരക്ക് നൽകി-ഭാവിയിൽ അപാകത ഒഴിവാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ റോഡ് കോൺക്രീറ്റ് പ്രവർത്തിയാണ് ഈ പ്രോജക്റ്റുകളിൽ നിർവ്വഹിച്ചിരിക്കുന്നത്. പ്രോജക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം 23/22-23, വട്ടവിള മാവിള റോഡ് കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | പ്രോജക്റ്റ് നം 23/22-23, വട്ടവിള മാവിള റോഡ് കോൺക്രീറ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ഷാബു |
| എം ബുക്ക് നം | ഇ എം ബുക്ക്,Order No. LSGD/CELSGD/EB /15929/2022, 8000,000/- |
| ക്വാട്ട് ചെയ്ത തുക | 6,77,120/-, Cost Index 35.59% |
| ഫണ്ട് | CFC- 800,000/- |
| ബിൽ നം/തുക | 336/24.2.2023-7,98,775/- |

ടി പ്രവർത്തിയിൽ, ഒരു വശം പൂർണ്ണമായും മതിലിനോട് ചേർത്ത് ഫോം വർക്ക് ഉൾപ്പെടുത്താതെ റോഡ് കോൺക്രീറ്റ് ചെയ്തതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം (Spec 75.8.1 ) 74.17 M3 അളവിൽ കോൺക്രീറ്റ് റോഡ് 8306/m3 രൂപ നിരക്കിൽ ചെയ്തതിന് ആകെ 6,16,056.02/- രൂപ അനുവദിച്ചിട്ടുണ്ട്.

പ്രോജക്ട് നം 139/22-23, മരത്തക്കിടി പള്ളിനട റോഡ് കോൺക്രീറ്റ്

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | പ്രോജക്ട് നം 139/22-23, മരത്തക്കിടി പള്ളിനട റോഡ് കോൺക്രീറ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ലാൽ ഡി |
| എം ബുക്ക് നം | ഇ എം ബുക്ക്,Order No. LSGD/CELSGD/EB /56798/2022, 3,50,000/- |
| ക്വാട്ട് ചെയ്ത തുക | 2,96,000/-, Cost Index 35.59% |
| ഫണ്ട് | Own Fund, 3,50,000/- |
| ബിൽ നം | LGTSB-XY 5538273/27.3.2023, 3,48,023/- |

ടി പ്രവർത്തിയിൽ, ഒരു വശം പൂർണ്ണമായും മതിലിനോട് ചേർത്ത് ഫോം വർക്ക് ഉൾപ്പെടുത്താതെ റോഡ് കോൺക്രീറ്റ് ചെയ്തതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം (Spec 75.8.1 ) 30.198 M3 അളവിൽ കോൺക്രീറ്റ് റോഡ് 8306.23/m3 രൂപ നിരക്കിൽ ചെയ്തതിന് ആകെ 2,50,831.53/- രൂപ അനുവദിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ രീതിയിലാണ് രണ്ട് പ്രോജക്ടിലും പ്രവർത്തി നിർവ്വഹിച്ചിട്ടുള്ളതെന്ന് 30.11.2023 ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു. ടി പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റിന് നൽകിയ നിരക്കിൽ (Spec 75.8.1 ) ഫോം വർക്ക് ഉൾപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ ടി നിരക്ക് നൽകാനുള്ള കാരണം എന്നിവ വ്യക്തമാക്കുന്നതിനായി 01.12.2023തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.- 37 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. Spec 75.8.1 പ്രകാരമുള്ള നിരക്കിൽ ഫോംവർക്കിന് 4% തുക കൂടി ഉൾപ്പെടുന്നുണ്ട്.ടി പ്രവൃത്തിയിൽ ഫോം വർക്ക് ഉൾപ്പെടുത്തേണ്ട ആവശ്യമില്ലായിരുന്നുവെങ്കിൽ, ആയതിന്റെ നിരക്ക് കുറച്ചുള്ള തുക കരാറുകാരന് നൽകിയിൽ മതിയാകുമായിരുന്നു. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഇ ടെൻഡർ ഫീ തുകകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ ഫീ ഇനത്തിൽ എത്ര രൂപ ലഭ്യമായിട്ടുള്ളതിന്റെയും, ടി തുക വരവായി ലഭിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് വിവരങ്ങൾ ലഭ്യമാക്കുന്നതിനായും, ടി തുകകൾ ഗ്രാമ പഞ്ചായത്തിന്റെ അസിസ്റ്റന്റ് എൻജിനീയറുടെ അക്കൌണ്ടിലാണോ ലഭ്യമായിട്ടുള്ളത് എന്നുള്ള വിവരവും അല്ലായെങ്കിൽ ടി തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനു സ്വീകരിച്ച നടപടികളും വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം.- 33, തീയതി : 30.11.2023) നൽകിയിരുന്നു.ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-28 രേഖകൾ ഹാജരാക്കിയില്ല ചെലവ് തുക 65,496/- രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം, പേര് | 62/22-23, വീട്ടുവളപ്പിൽ കുളത്തിലെ മൽസ്യ കൃഷി |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 518460/- ( വികസന ഫണ്ട് പൊതുവിഭാഗം – 67460/-<br>സംസ്ഥാനാവിഷ്കൃത ഫണ്ട് – 82000/-<br>മറ്റുള്ളവ – 369000/- ) |
| ചെലവ് | 65496/- |
| ബിൽ നം | 3/7.5.2022 |

ട്രഷറി ബിൽ ബുക്ക് പ്രകാരം മേൽ പ്രോജക്ടിൽ 65,496/- രൂപ 10.5.2022 ൽ മാറി നൽകിയിട്ടുണ്ട്. എന്നാൽ ടി

പ്രോജക്റ്റുമായി ബന്ധപ്പെട്ട പ്രോജക്റ്റ് ഫോം, ചെലവിനാസ്പദമായ രേഖകൾ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കുന്നതിനായി 01.12.2023തീയതിയിൽ ഓഡിറ്റ് എൻക്വയറി നം- 41 നൽകുകയും, 2.12.2023 തീയതിയിൽ ഓഡിറ്റ് റിക്വസിഷൻ -II നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ടി പ്രോജക്റ്റുമായി ബന്ധപ്പെട്ട ഫയലുകൾ ജില്ലാ ഓഡിറ്റ് ഓഫീസിൽ ഹാജരാക്കിയിട്ടുണ്ട്, ടി ഫയൽ പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു. ടി അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (18.12.2023തീയതിയിൽ ഓഡിറ്റ് എൻക്വയറി നം- 49)

1. ടി പ്രോജക്റ്റിൽ മാറി നൽകിയ 65,496/- രൂപ ഏതെല്ലാം ഗുണഭോക്താക്കൾക്കാണ് നൽകിയത് എന്ന് രേഖപ്പെടുത്തിയ ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല. ആയതും, ടി ഗുണഭോക്താക്കളുടെ അപേക്ഷകളും ബന്ധപ്പെട്ട ഫയലും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2. ടി സ്പിൽ ഓവർ പ്രോജക്റ്റിൽ 2021-22 വർഷത്തിൽ നൽകിയിട്ടുള്ള ബില്ലുകൾ പരിശോധിച്ചതിൽ, ഗുണഭോക്താവായ ശ്രീകണ്ഠൻ നായർക്ക് - 31,960/- രൂപയും, ഫെബിൻ മോഹൻ- 32.000/-രൂപ , അഞ്ചു- 32,580/- രൂപ എന്ന ക്രമത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ടി പ്രോജക്റ്റിൽ അനുവദിക്കാവുന്ന സബ്സിഡി സംബന്ധിച്ച ഉത്തരവ് ലഭ്യമാക്കുകയും, ടി നിരക്ക് പ്രകാരമാണോ സബ്സിഡി അനുവദിച്ചത് എന്നുള്ള വിവരവും അല്ലെങ്കിൽ ആയതിനുള്ള കാരണവും ലഭ്യമാക്കേണ്ടതാണ്.

പദ്ധതി മാർഗരേഖ 6.4 B (12) പ്രകാരം തദ്ദേശ ഭരണസ്ഥാപനത്തിന് ടി പ്രോജക്റ്റിൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 29,600/- രൂപയാണ്. എന്നിരിക്കെ ഇത്തരത്തിൽ ഉയർന്ന തുക അനുവദിച്ചത് ബന്ധപ്പെട്ട ഫയലുകളുടെയും ബില്ലുകളുടെയും അഭാവത്തിൽ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ടി പ്രോജക്റ്റിലെ ചെലവ് തുകയായ 65,496/- രൂപ ഓഡിറ്റ് തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-29 ലാപ്ടോപ്പ് വാങ്ങൽ പ്രോജക്റ്റ് - തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 281/22-23, ഗവ. LPS ന് ലാപ്പ്ടോപ്പ് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ് |
| അടങ്കൽ | 439614/- ( വികസന ഫണ്ട് പൊതുവിഭാഗം - 139614/- മെയിന്റനൻസ് ഫണ്ട് റോഡിതരം - 300000/- ) |
| ചെലവ് | 300000/- ( മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ബിൽ നം | 440/17.3.2023 |

ടി പ്രോജക്റ്റിൽ ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന് 3,00,000/- രൂപ കൈമാറിയിട്ടുണ്ട്.എന്നാൽ ഫയൽ പരിശോധിച്ചതിൽ ലാപ്പ്ടോപ്പ് ലഭ്യമായതിന്റെ വിവരങ്ങൾ ഇല്ല. ലാപ്ടോപ്പുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (ഓഡിറ്റ് എൻക്വയറി നം.- 27, തീയതി : 29.11.2023) മറുപടിയിൽ ലാപ്പ് ടോപ്പുകൾ കെൽട്രോണിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും ഇതുമായി ബന്ധപ്പെട്ട് നിരവധി കത്തിടപാടുകൾ നടന്നു വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ലാപ്പ്ടോപ്പ് ലഭ്യമാക്കുന്നതിനോ അല്ലാത്ത പക്ഷം തുക തിരികെ ലഭ്യമാക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി പ്രോജക്റ്റുമായി ബന്ധപ്പെട്ട തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-30 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകങ്ങൾ

സർക്കുലർ നം.58608/ഡി.ബി.2/2009/തസ്വഭവ തീയതി 13.01.2010 ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്റർ കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതും, പരിഷ്കരിക്കേണ്ടതുമാണ്. ഓരോ സാമ്പത്തിക വർഷാരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കു സമർപ്പിക്കേണ്ടതും, ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ഇപ്രകാരം ആസ്തികളുടെ വിശദാംശം ഭരണസമിതിക്കു സമർപ്പിച്ചു ആസ്തി രജിസ്റ്റർ പുതുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പഴക്കമുള്ളതും, തുടർ വർഷങ്ങളിലെ ആസ്തി വിവരങ്ങളൊന്നും തന്നെ അപ്ഡേറ്റ് ചെയ്യാത്തതുമാണ്. കൂടാതെ, ആസ്തിരജിസ്റ്ററിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടുമില്ല.

സ.ഉ.(കൈ)നം.255/2013/തസ്വഭവ തീയതി 18.07.2013 പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ആസ്തി വിവരങ്ങൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ടോ എന്നതും വ്യക്തമല്ല. ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധനക്കു ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള ആസ്തി രജിസ്റ്ററിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആർജ്ജിച്ച വിവിധ ആസ്തികൾ ഉൾപ്പെട്ടു കാണുന്നില്ല. ഉദാ- പ്രോ.നം. 32/23 ലൈഫ് ഭവന സമുച്ചയ നിർമ്മാണ സ്ഥലത്തേയ്ക്കുള്ള വഴിക്ക് സ്ഥലം വാങ്ങൽ (കല്ലാമം വാർഡ്) പദ്ധതി

പ്രകാരം വാങ്ങിയ സ്ഥലം (ചെലവ്വ് തുക 160000/- രൂപ).

ആസ്തി പരിപാലനത്തിലെ അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/30.11.2023) മറുപടി ലഭ്യമാക്കിയില്ല. പരാമർശത്തിനു മറുപടി ലഭ്യമാക്കേണ്ടതും, ആസ്തികളുടെ പരിപാലനം കുറ്റമറ്റതാക്കേണ്ടതുമാണ്.

## 1-31 പദ്ധതി തുക ഉപയോഗിച്ച് സൃഷ്ടിച്ചിട്ടുള്ള ആസ്തികൾ നിഷ്ക്രിയമായി തുടരുന്നു.

ഗ്രാമപഞ്ചായത്ത് കോമ്പൌണ്ടിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് - കഫറ്റേരിയ, ജനകീയ ഹോട്ടൽ തുടങ്ങിയവ പ്രവർത്തിക്കാത്തതായി ഓഡിറ്റിന് ബോധ്യപ്പെടുകയുണ്ടായി. ടേക്ക് എ ബ്രേക്കിനൊപ്പമുള്ള കഫറ്റേരിയ നിലവിൽ ഓഫീസിലെ വിവിധ സെക്ഷനുകളുടെ പ്രവർത്തനത്തിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നു.

പതിന്നാലാം പദ്ധതി കാലയളവിൽ സർക്കാർ മാർഗ്ഗരേഖ (സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.22) പ്രകാരം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിരുന്ന മേൽ സ്ഥാപനങ്ങൾ പദ്ധതികളിലൂടെ നിർമ്മാണം നടത്തിയശേഷം പ്രവർത്തനം നടത്താതെ നിലനിറുത്തിയിരിക്കുന്നത് പദ്ധതി ഫണ്ടിന്റെ ദുരുപയോഗമായും, പദ്ധതി ഉദ്ദേശ്യങ്ങൾക്ക് നിരക്കാത്തതായും വിലയിരുത്തുന്നു. പദ്ധതി ഫണ്ട് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചശേഷം നിഷ്ക്രിയമായി നിലനിറുത്തിയിരിക്കുന്നതിനു വിശദീകരണം ലഭ്യമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 46/01.12.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ആസ്തികളുടെ പ്രവർത്തന തടസ്സത്തിനു കാരണം വിലയിരുത്തേണ്ടതും, പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പദ്ധതി ഫണ്ടിന്റെ ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതു ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും, വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, വർക്കിംഗ് ഗ്രൂപ്പുകളുടെയും ഉത്തരവാദിത്തമാണ്. പദ്ധതി ഫണ്ട് ഉപയോഗിച്ച് നിർമ്മാണങ്ങൾ നടത്തിയ ശേഷം ഉപയോഗശൂന്യമായി നിലനിറുത്തിയിരിക്കുന്നത് പദ്ധതി ആസൂത്രണത്തിലെ വീഴ്ചയും ഫണ്ട് വിനിയോഗത്തിലെ അലംഭാവവുമാണ്. പരാമർശത്തിനുമേൽ തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-32 ബാധ്യത ഹെഡിലെ തുകകൾ ഒടുക്കാതെ തനതു അക്കൌണ്ടിൽ നിലനിറുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് ബി9 ലയബിലിറ്റീസ് ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന ബാധ്യത തുകകൾ വർഷങ്ങളായി ഒടുക്കാതെ തനതു അക്കൌണ്ടുകളിൽ നിലനിർത്തിയിരിക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് |
|---|---|
| 350200115 ഡ്യൂസ് ടു അദർ ലോക്കൽ ഗവ. ഇൻസ്റ്റിറ്റ്യൂഷൻസ് | 10000 |
| 350200119 റിക്കവറീസ് പേയബിൾ കോവിഡ് | 174400 |
| 350200199 അദർ റിക്കവറീസ് ഫ്രം എംപ്ലോയീസ് | 24681 |
| 350200203 കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് | 8361 |
| 350200299 അദർ ഡിഡക്ഷൻസ് | 19250 |
| 350300101 ലൈബ്രറി സെസ് | 343278 |
| 350300103 വാല്യൂ ആഡഡ് ടാക്സ് | 105577 |
| 350300106റവന്യൂ റിക്കവറി | 4649 |
| 350300111 ഫ്ലഡ് സെസ് | 3228 |
| 350300112 വാല്യൂ ഓഫ് കോർട്ട് ഫീ സ്റ്റാമ്പ് | 1400 |
| 350300199 അദേഴ്സ് | 27441 |
| ആകെ | 722265 |

മേൽ ഹെഡുകളിൽ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ നിലനിറുത്തിയിട്ടുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/23.11.2023) ബാലൻസ് ഷീറ്റ് ബി9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള തുകകൾ ഇനിയും ഒടുക്കുവരുത്തുവാനുള്ളതാണെന്നും, ലൈബ്രറി സെസ് ഒഴികെയുള്ള തുകകൾ മുൻ സാമ്പത്തിക വർഷങ്ങളിൽ ഉൾപ്പെട്ടു വരുന്നതാണെന്നും, ആയത് പരിശോധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഒടുക്കുവരുത്തി അക്കൌണ്ട് ക്രമീകരിക്കുന്നതാണെന്നും മറുപടി നൽകി.

നികുതി, നികുതി ഇതര ഇനങ്ങളിൽ സർക്കാർ, ഇതര സ്ഥാപനങ്ങളിലേക്ക് ഒടുക്കുവാനുള്ള തുക തനതു അക്കൌണ്ടിൽ നിലനിറുത്തിയിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകൾ/ഹെഡുകളിലേക്ക് ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-33 മുൻകൂർ ആയി അനുവദിച്ച തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂളിൽ 460100101 Festival Advance ഹെഡിൽ 5200/- രൂപ ക്രമീകരിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തു കാര്യാലയത്തിൽ നിന്നും വിടുതൽ നേടിയ മൂന്നു ജീവനക്കാരുടെതാണെന്നു ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 32/30.11.2023) മറുപടി നൽകി. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലെ മുൻകൂറുകൾ അതതു സാമ്പത്തിക വർഷങ്ങളിൽ തന്നെ തിരികെ ഈടാക്കി ക്രമീകരിക്കേണ്ടതുണ്ട്. ടി ജീവനക്കാർ കൈപ്പറ്റിയിട്ടുള്ള അഡ്വാൻസ് തുക അടിയന്തിരമായി തിരികെ ലഭ്യമാക്കേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-34 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, പണമാക്കാത്ത ചെക്കുകൾ എന്നിവയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

14.01.2020 ലെ എസി-1/125/2019/തസ്വഭവ സർക്കുലർ പ്രകാരം രജിസ്ററുകളുടെ പരിപാലനവും, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേലും, പണമാക്കാത്ത ചെക്കുകളിന്മേലും സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് സർക്കാർ വിശദമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസ്തുത നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

എ) 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

ഉദാഹരണമായി ഗ്രാമപഞ്ചായത്തിന്റെ 31.03.2019 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ചുവടെ ചേർക്കുന്ന ഇനത്തിലെ ഡെപ്പോസിറ്റുകളുടെ നീക്കിയിരിപ്പ് തൻവർഷവും നീക്കിയിരിപ്പായി നിലനിറുത്തിയിരിക്കുന്നു.

| ഹെഡ് | നീക്കിയിരിപ്പ് തുക |
|---|---|
| 340200101 റെന്റ് ഡെപ്പോസിറ്റ് | 30800 |
| 340200199 അദർ ഡെപ്പോസിറ്റ്സ് - റവന്യൂ | 4240 |

ബി) 3 വർഷത്തിലധികമായി കാലഹരണപ്പെട്ട ചെക്കുകൾ തനതു ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

ഉദാഹരണമായി എസ്.ബി.ഐ. തനതു അക്കൌണ്ട് (നം. 57059415574) ന്റെ റീകൺസിലിയേൻ പത്രികയിൽ മാറാത്തതായി രേഖപ്പെടുത്തിയിട്ടുള്ള മൂന്നു വർഷത്തിലധികമായി കാലഹരണപ്പെട്ട ചുവടെ ചേർക്കുന്ന ചെക്കുകൾ വരവായി മാറ്റിയിട്ടില്ല.

| ചെക്ക് നം./തീയതി | തുക |
|---|---|
| 653850/27.03.2017 | 1250 |
| 927119/02.08.2017 | 1000 |
| 1/13.02.2017 | 500 |
| 1/13/02.2017 | 240 |

പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നം. 4/28.11.2023, 39/01.12.2023) മൂന്നു വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും ശ്രദ്ധയിൽക്കൊണ്ടു വന്ന് തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണെന്നു മറുപടി നൽകി. സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽകൂട്ടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ 3 വർഷത്തിലധികമായി കാലഹരണപ്പെട്ട ചെക്കുകൾ തനതു ഫണ്ടിലേക്ക് മുതൽകൂട്ടി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-35 രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തു പരിശോധനക്കു ലഭ്യമാക്കിയ ഡിപ്പോസിറ്റ്സ് രജിസ്റ്ററിൽ വിശദാംശങ്ങൾ ആധികാരികമല്ല. ഡിപ്പോസിറ്റ്സ് രജിസ്റ്റർ സെക്രട്ടറിയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ, തയ്യാറാക്കിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മുൻകൂറുകളുടെ രജിസ്റ്ററിൽ ജീവനക്കാർക്കും നിർവഹണാധികാരികൾക്കും നൽകുന്ന മുൻകൂറിന്റെ വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്കു കൈമാറുന്ന തുകയുടെ വിവരം സൂക്ഷിച്ചിട്ടില്ല. ലൈഫ് വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററും യഥാവിധി പരിപാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ജനറേറ്ററിൽ ഫിൽ ചെയ്യുന്ന ഇന്ധനത്തിന്റെ അളവ്, ജനറേറ്റർ പ്രവർത്തിപ്പിക്കുന്ന സമയം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററുകൾ യഥാവിധി തയ്യാറാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, പി.ഡബ്ല്യ.ഡി. തുടങ്ങിയ സ്ഥാപനങ്ങൾക്ക് അനുവദിച്ചതിൽ 4854809/- രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനവശേഷിക്കുന്നു. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ/മുൻകൂർ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ ടി തുക ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലായി ഏതൊക്കെ പ്രവൃത്തികൾക്കായി അനുവദിച്ചതാണെന്ന് വ്യക്തമല്ല. ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി അനുവദിച്ച മുൻകൂറുകളിൽ ക്രമീകരിക്കാനുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് | 31.03.2023 ലെ നീക്കിയിരിപ്പ് തുക |
|---|---|
| 460500201 ഡെപ്പോസിറ്റ് വിത്ത് കെ.ഡബ്ള്യ.എ | 3036769 |
| 460500202ഡെപ്പോസിറ്റ് വിത്ത് കെ.എസ്.ഇ.ബി. | 1563040 * |
| 460500205 ഡെപ്പോസിറ്റ് വിത്ത് പി.ഡബ്ല്യ.ഡി | 255000 |
| ആകെ | 4854809 |

* പ്രോ. നം. 13/23 പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതി പ്രകാരം ധനകാര്യ കമ്മിഷൻ അവാർഡിൽ നിന്നും 266800/- രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ലായെങ്കിലും മേൽ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

* പോസ്റ്റ് മാറ്റുന്നതിനായി 2013 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി. ക്ക് നൽകിയ തുക 16000/- രൂപ മേൽ ഹെഡിൽ ബുക്ക് ചെയ്യാതെ ബി8 ഡെപ്പോസിറ്റ്സ് - ഇലക്ട്രിക്കൽ ഹെഡിൽ ലയബിലിറ്റി ആയി രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/30.11.2023) നിക്ഷേപ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.ക്കും, പി.ഡബ്ല്യ.ഡി. ക്കും കത്ത് നൽകിയിട്ടുള്ളതായും, പ്രോ. നം. 13/23 പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായും, വിനിയോഗരേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കുന്നതായും മറുപടി നൽകി. പ്രവൃത്തികൾക്കായി പദ്ധതി തുക നിക്ഷേപിച്ച നൽകിയശേഷം തുകയുടെ വിനിയോഗം സംബന്ധിച്ച് മോണിട്ടറിംഗ് നടത്തേണ്ടതും, പ്രവൃത്തികൾ പൂർത്തീകരിച്ച് നടപ്പാക്കപ്പെട്ടു എന്ന് ഉറപ്പാക്കേണ്ടതും നിർവഹണാധികാരികളുടെയും, വർക്കിംഗ് ഗ്രൂപ്പുകളുടെയും, ഭരണസമിതിയുടെയും ഉത്തരവാദിത്തമാണ്. മേൽ പ്രകാരമുള്ള തുകയുടെ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 FHC - സ്റ്റോക്ക് മരുന്ന് വാങ്ങൽ - സർവ്വീസ് ചാർജ്ജ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ/ | 9/22-23<br>വീരണകാവ് FHC - സ്റ്റോക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - PHC |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| അടങ്കൽ | 24,42,000/- |
| ചെലവ് | 24,42,000/- |
| ബിൽ നം. | 58/22-23, തീ. 22.07.2022, തുക - 10,00,000/-<br>94/22-23, തീ. 30.08.2022, തുക - 3,00,000/-<br>129/22-23, തീ. 27.10.2022, തുക - 6,00,000/-<br>279/22-23, തീ. 06.02.2023, തുക - 3,42,000/- |

| | |
|---|---|
| | 421/22-23, തീ. 17.03.2023, തുക – 2,00,000/- |

ടി പദ്ധതി പ്രകാരം എല്ലാ പർച്ചേസുകളും In House Drug Bank (IHDB), തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ടെൻഡർ നടപടികൾ കൂടാതെയാണ് നടത്തിയിരിക്കുന്നത്. ഇത് പതിനാലാം പദ്ധതി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ടി പർച്ചേസുകളിൽ CGST, SGST എന്നിവക്ക് പുറമെ 48,255.45 രൂപ സർവ്വീസ് ചാർജ്ജായി IHDB ഈടാക്കിയിട്ടുണ്ട്. മെഡിസിൻ പർച്ചേസ് ബില്ലിൽ അനുവദനീയമല്ലാത്ത സർവ്വീസ് ചാർജ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 45/1.12.23)മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടില്ല. ടി അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-38 സറ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം , വിവരണം | 59/23, സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. |
| അടങ്കൽ തുക | 62000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 62000/- |
| വൗച്ചർ നമ്പർ ,തീയതി | XVFC/2022-2023/P/8,26.08.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |

വി ഇ ഒ ഓഫീസ് ആവശ്യത്തിനായി പ്രസ്തുത പ്രോജക്ട് പ്രകാരം KELTRON ൽ നിന്ന് ലാപ്പ്ടോപ്പ് വാങ്ങുന്നതിന് 50000/- രൂപ KELTRON ന് കൈമാറിയിട്ടുള്ളതാണ്. ലാപ്പ്ടോപ്പ് സ്റ്റോക്കിലെടുത്ത വിവരങ്ങൾ ലഭ്യമാക്കുവാൻ 29.11.2023 തീയതിയിൽ 23 ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിരുന്നതിൽ മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതു പണം ഉപയോഗിച്ച് വാങ്ങുന്ന സ്റ്റോറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുള്ളതാണ്. പൊതുപണം ഉപയോഗിച്ച് വാങ്ങുന്ന സ്റ്റോറുകൾക്ക് കേരള ഫിനാൻഷ്യൽ കോഡ് , സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ള ലാപ്പ്ടോപ്പ് വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-39 വിവധ പ്രോജക്ടുൾ -രജിസ്റ്റർ പരിപാലനം പൂർണ്ണമല്ല

അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ ,ലക്ഷം വീട് നവീകരണം ജനറൽ,ലക്ഷം വീട് നവീകരണം എസ് സി പി,ഭവനപുനരുദ്ധാരണം എസ് സി പി പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് പദ്ധതിപ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് സാംഖ്യയിലെ ബില്ലുകൾ പ്രകാരം അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുകകൾ നേരിട്ട് നൽകുന്ന രീതിയാണ് നിലവിൽ അവലംബിച്ചിട്ടുള്ളത്.സാഖ്യയിൽ ഓഡിറ്റ് ലോഗിൻ ലഭ്യമാകാത്തതിനാൽ ഗുണഭോക്താക്കൾക്ക് തുകകൾ കൈമാറിയതിന്റെ കൃത്യത രജിസ്റ്റർ പരിശോധന നടത്തിയാണ് ഉറപ്പാക്കുന്നത്. എന്നാൽ ഗ്രമാപഞ്ചായത്തിൽ മേൽ പദ്ധതികൾക്ക് ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റിയ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല . ആയതിന് 29.11.2023 ൽ 23 ാം നമ്പരായി നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.രജിസ്റ്റർ പരിപാലനത്തിലെ ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ലൈഫ് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ചുവടെ ചേർത്തിട്ടുള്ള ലൈഫ് പ്രോജക്ടിലെ ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ വാങ്ങിയിട്ടുള്ളതും എന്നാൽ രജിസ്റ്റർ പരിശോധനയിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതുമാണ്.

| പ്രോജക്ട് | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 49/23 സ്പിൽ ഓവർ | വാസന്തി , ആതിര ഭവൻ | 40000 | രേഖപ്പെടുത്തിയിട്ടില്ല |
| | ബിനു. ഇ,തടത്തരിക്കത്ത് വീട് | 40000 | രേഖപ്പെടുത്തിയിട്ടില്ല |
| | | 160000 | 23.10.21 |
| | | 60000 | 07.12.22 |

| | | | |
|---|---|---|---|
| | | 100000 | രേഖപ്പെടുത്തിയിട്ടില്ല |
| 47/2023സ്സിൽ ഓവർ | ബിന്ദു. എസ്, കുഴിവിള പുത്തൻ വീട് | 40000 | 20.08.22 |
| | | 160000 | 30.11.22 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 23/29.11.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-41 പി എം എ വൈ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം , വിവരണം | 217/23, പി എം എ വൈ വിഹിതം, |
| അടങ്കൽ തുക | 636762/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് തുക | 350000/- |
| ബിൽ നം./ തീയതി | 141/05.11.2022 രൂപ 280000 |
| | 304/13.02.2023 രൂപ 70000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |

പി എം എ വൈ വിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് പ്രസ്തുത പ്രോജക്ട് പ്രകാരം 350000രൂപ കൈമാറിയിട്ടുള്ളതാണ്. ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് 29.11.2023 ൽ 23 ാം നമ്പരായി നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ള 350000രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 വെറ്റിനറി സർജ്ജൻ-ക്യാഷ് ബുക്ക് പരിപാലനം - അപാകത

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജൻ നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR-7A ക്യാഷ് ബുക്ക് പരിപാലിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/23.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും മാസാന്ത്യ സംക്ഷിപ്തം എഴുതി, കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-43 കെട്ടിടങ്ങൾക്ക് വാടക അനുവദിക്കുന്നതിലെ അപാകങ്ങൾ

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പൻസറി, ചാമവിള ഗ്രാമകേന്ദ്രം, കട്ടയ്ക്കോട് മാവേലി സ്റ്റോർ എന്നിവയ്ക്ക് വാടക അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഫയലുകളും രേഖകളും ലഭ്യമാക്കുവാനറിയിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 10/28.11.23) ചാമവിള ഗ്രാമകേന്ദ്രം, കട്ടയ്ക്കോട് മാവേലി സ്റ്റോർ എന്നിവയുടെ ഫയൽ മാത്രമാണ് പരിശോധനക്കു ലഭ്യമാക്കിയത്. ഹോമിയോ ഡിസ്പൻസറിയുടെ വാടക കെട്ടിടം സംബന്ധിച്ച ഫയൽ ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ ഫയലുകൾ പ്രകാരം വാടക അനുവദിക്കുന്നതിലെ അപാകങ്ങൾ ചുവടെ പ്രസ്താവിക്കുന്നു.

എ) ചാമവിള ഗ്രാമകേന്ദ്രത്തിന്റെ വാടക നിർണ്ണയിച്ചതു സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. 2022-23 സാമ്പത്തിക വർഷത്തിൽ ടി കെട്ടിടത്തിന്റെ ഉടമയും, ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടതിനുള്ള രേഖകളും ഫയലിൽ ലഭ്യമല്ല.

ബി) കട്ടയ്ക്കോട് മാവേലി സ്റ്റോറിന്റെ വാടക നിരക്ക് പ്രതിമാസം 7357/- രൂപ നിരക്കിൽ പി.ഡബ്ല്യു.ഡി എ.എക്സ്.ഇ. (DB3-1185/2020/Rent Dtd 22.07.2021) നിർണ്ണയിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമ 01.09.2021 ൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. തുടർന്ന് 01.08.2022 മുതൽ പ്രതിമാസം 8093/- രൂപ നിരക്കിലും (10% വർദ്ധനവ്), 01.07.2023 മുതൽ 8498/- രൂപ നിരക്കിലും (5% വർദ്ധനവ്) ടിയാൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട്

വാടകക്ക് കെട്ടിടം ലഭ്യമാക്കിയിട്ടുണ്ട്.

G.O.(P)No.13/2012/PWD Dated 01.02.2012 പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2809.5 പ്രകാരം ഒരിക്കൽ വാടക നിർണ്ണയിക്കപ്പെട്ട കെട്ടിടത്തിന്റെ വാടക 3 വർഷ കാലാവധിക്കു ശേഷം മാത്രമാണ് പുതുക്കുവാൻ വ്യവസ്ഥയുളളത്. 22.07.2021 ൽ നിർണ്ണയിച്ച വാടക 22.07.2024 ന് ശേഷം മാത്രമേ പുതുക്കുവാൻ കഴിയുകയുള്ളൂ. മൂന്നു വർഷ കാലയളവിനുള്ളിൽ ടി കെട്ടിടത്തിനു രണ്ടു തവണ വാടക പുതുക്കി നൽകി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 44/01.12.2023) മറുപടി ലഭ്യമാക്കിയില്ല. വാടക നിരക്ക് നിർണ്ണയിച്ചിട്ടില്ലാത്ത വാടക കെട്ടിടങ്ങളുടെ പ്രതിമാസ വാടക നിരക്ക് ഗ്രാമപഞ്ചായത്തിന്റെ അസി. എഞ്ചിനീയറെ കൊണ്ട് നിർണ്ണയിക്കേണ്ടതും, വ്യവസ്ഥാപിതമായ കരാർ കെട്ടിട ഉടമയുമായി സമയബന്ധിതമായി ചമച്ചശേഷം മാത്രം വാടക അനുവദിക്കേണ്ടതുമാണ്. മാവേലി സ്റ്റോർ കെട്ടിടത്തിനായി വാടകക്കെടുത്തിട്ടുള്ള കെട്ടിടത്തിന്റെ വാടക മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തേണ്ടതാണ്.

## 1-44 അംഗൻവാടികൾക്ക് ടെലിവിഷൻ വാങ്ങൽ – എം.എൽ.എ. ഫണ്ട് പാഴാക്കി – 8710/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ : 270/22-23

അടങ്കൽ : രൂപ 688000/- [KSFE സംഭാവന – 4,30,000/-

MLA Fund – 1,50,070/-

Maintenance Fund – 1,07,930/-]

ചെലവ് : രൂപ 522560/- ( മെയിന്റനൻസ് ഫണ്ട് – 92560/-, മറ്റുള്ളവ- 430000/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
ബിൽ നം-497/28.3.23-92560/-

ടി പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

അരുവിക്കര നിയോജകമണ്ഡലത്തിലെ 43 അങ്കൻവാടികളിൽ (KSFE യുമായി സഹകരിച്ച്) ടെലിവിഷൻ വാങ്ങുന്നതിന് ബഹു. അരുവിക്കര എം എൽ എ യുടെ സ്പെഷ്യൽ ഡെവലപ്പമെന്റ് ഫണ്ടിൽ നിന്നും ടി വി ഒന്നിന് 3490 രൂപ വച്ച് ആകെ 150070 രൂപ അനുവദിച്ചതായി തിരുവനന്തപുരം ജില്ല കളക്ടറുടെ 06.08.2020 ലെ D1/1872/20നമ്പർ കത്തിലൂടെ അറിയിക്കുകയും തുടർന്ന് 23.01.2021ലെ 11(2) നമ്പർ തീരുമാനപ്രകാരം പൂവച്ചൽ ഗ്രമാപഞ്ചായത്ത് കമ്മിറ്റി തുടർനടപടികൾക്കായി സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. 25.01.2021 ൽ പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി A1-2244/20നമ്പരായി സമർപ്പിച്ച പദ്ധതി രേഖകളുടെ അടിസ്ഥാനത്തിൽ ജില്ല കളക്ടർ 20.02.2021 ലെ D1/796/21 ാം നമ്പർ ഉത്തരവ് പ്രകാരം എൽ.എൽ.എ. ഫണ്ട് ആയി 150070/-രൂപ അനുവദിച്ചു.
KSFEപൂവച്ചൽ ബ്രാഞ്ച് ചെക്ക് നമ്പർ 954672മുഖേന 08.02.21ൽ KSFE യുടെ സംഭാവനയായി 4,30,000/-രൂപ ഗ്രമാപഞ്ചായത്തിന് കൈമാറിയതായിട്ടുണ്ട്. ഒരു ടി.വി 13490 രൂപയ്ക്ക് (10,000 (KSFE) +3490 ( MLA Fund) ടി. വി കൾ നൽകാമെന്ന് Samsung Company സെക്രട്ടറിയെ 28.07.2020 ന് അറിയിച്ചിട്ടുമുണ്ട്. 2020-2021 ൽ തന്നെ തുകകൾ എല്ലാം ലഭ്യമായിട്ടും പദ്ധതി പ്രകാരം ടെലിവിഷൻ വാങ്ങുന്നത് 18.03.2023 നും വിതരണം ചെയ്യുന്നത് 25.04.2023 നുമാണ്. ഈ പദ്ധതി നീളുവാനുള്ള സാഹചര്യം എന്താണ് എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ KSFE യും എം.എൽ.എ. ഫണ്ടും സംയോജിപ്പിച്ച് 43 അംഗനവാടികൾക്ക് ടെലിവിഷൻ വാങ്ങി നൽകുന്ന പദ്ധതിയ്ക്ക് വേണ്ടി KSFE തുക ഗ്രാമപഞ്ചായത്തിന് നൽകിയെങ്കിലും എം.എൽ.എ. ഫണ്ട് സ്വീകരിക്കുന്നതും സാംസങ് ഓഫർ ചെയ്ത തുകയ്ക്ക് ടെലിവിഷൻ ലഭ്യമാക്കേണ്ടതും സംബന്ധിച്ച അവ്യക്തത നിലനിന്നതിനാലാണ് പദ്ധതി നടത്തിപ്പിൽ കാലതാമസം നേരിട്ടത് എന്നാണ് സെക്രട്ടറി അറിയിച്ചത്. ഈ പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാകാൻ ഭരണപരമായ കാരണങ്ങളാൽ സാധിച്ചിരുന്നില്ല എന്നും തുടർന്ന് KSFE തുക തിരികെ ആവശ്യപ്പെട്ടതിനെ തുടർന്ന് ഭരണസമിതി അനുമതി നൽകിയതിനെ തുടർന്ന് 2022-23 വർഷത്തിൽ (പ്രോജക്ട് നം. 270) അവ ഉൾപ്പെടുത്തിയത് എന്നും സെക്രട്ടറി അറിയിച്ചു. ടെലിവിഷനുകൾ 18.03.23 തീയതിയിൽ കൈപ്പറ്റിയെങ്കിലും വനിതാ ശിശു വികസന വകുപ്പ് മന്ത്രിയെ പങ്കെടുപ്പിച്ച് വിതരണം ചെയ്യുന്നതിന് തത്വത്തിൽ തീരുമാനമുണ്ടായിരുന്നു. എന്നാൽ ബഹു. മന്ത്രിക്ക് അസൗകര്യം നേരിട്ടതിനാലും വിതരണ നടപടികൾ പൂർത്തിയാക്കണമെന്ന ലക്ഷ്യം മുൻനിർത്തിയാണ് പദ്ധതി യഥാസമയം നടപ്പിലാകാത്ത സാഹചര്യം ഉണ്ടാകുകയും 25.04.23 തീയതിയിൽ ആയത് വിതരണം ചെയ്തതെന്നും സെക്രട്ടറി അറിയിച്ചു.

2. പദ്ധതിക്കായി MLAഫണ്ട് , KSFE വിഹിതം എന്നിവ ഉണ്ടായിരിക്കെ മെയിന്റനൻസ് ഫണ്ടിൽ വകയിരുത്തി തുക ചെലവാക്കാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ KSFE വിഹിതമായ 4,30,000/- രൂപ ഒഴിച്ച് ബാക്കി 1 ലക്ഷം രൂപയ്ക്ക് താഴെ മാത്രം മതിയാകുമെന്നതിനാലും MLAഫണ്ട് മറ്റേതെങ്കിലും പദ്ധതിയ്ക്ക് വിനിയോഗിക്കാമെന്നതിനാലുമാണ് നോൺ റോഡിൽ നിന്നും വകയിരുത്തിയ തുക

ചെലവഴിച്ചത് എന്നാണ് സെക്രട്ടറി അറിയിച്ചത്. (ഓഡിറ്റ് അന്വേഷണം നം 19/30.11.23) എന്നാൽ ഈ നടപടിയിൽ MLAഫണ്ട് ലാപ്സായതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല.

3.Ideal Systems ന്റെ 18.03.23ലെ ബിൽ പ്രകാരം 43 ടെലിവിഷന്റെ വില 18% ജി.എസ്.ടി ഉൾപ്പെടെ 513850/- രൂപ ആണ്. എന്നാൽ ടി ബില്ലിൽ നിന്നും 2% GST TDS ഈടാക്കിയിട്ടില്ല. പകരം പദ്ധതി ഫണ്ടിൽ നിന്നും 8710/- രൂപ ജി.എസ്.ടി.ടി.ഡി.എസ് ഒടുക്കിയതായും Ideal Systems എന്ന കമ്പനിക്ക് ബിൽ തുകയായ 513850/- രൂപ നൽകിയതായും കാണുന്നു. കമ്പനി ഹാജരാക്കിയ GST ബില്ലിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കി ഒടുക്കുന്നതിന് പകരം, പദ്ധതി പണം ഉപയോഗിച്ച് ജി.എസ്.ടി.ടി.ഡി.എസ് ഒടുക്കിയത് ക്രമവിരുദ്ധമാണ്. ടി തുക (8710/- രൂപ ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും പ്രസ്തുത തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

4. 43 ടെലിവിഷൻ വാങ്ങിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 42 അങ്കണവാടികൾക്ക് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പൂവച്ചൽ ഗ്രാമ പഞ്ചായത്തിലെ 43 അംഗൻവാടികൾക്കും ടി.വി. വിതരണം ചെയ്യുന്നതിന് തീരുമാനിക്കുകയും അന്നേ ദിവസം പ്രസിഡന്റ് ഉദ്ഘാടനം നടത്തിയശേഷം അംഗൻവാടി ടീച്ചർമാർക്ക് ടി.വി. വിതരണം ചെയ്തിട്ടുള്ളതും എന്നാൽ 1 -ാം വാർഡിലെ അംഗൻവാടിയിലേക്കുള്ള ടി.വി. മോഷണം പോകുകയും മോഷണ വിവരം യഥാസമയം കാട്ടാക്കട പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള അന്വേഷണ നടപടി പൂർത്തീകരിച്ചിട്ടില്ല എന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. അന്വേഷണ നടപടി പൂർത്തീകരിച്ച് തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 തെരുവ് വിളക്ക് അറ്റകുറ്റപണികൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നമ്പർ - 42/23 (സ്പിൽ ഓവർ), തെരുവ് വിളക്ക് അറ്റകുറ്റപണി ലേബർ ചാർജ്ജ് നല്കൽ.

അടങ്കൽ :- 10,00,000 (തനത് ഫണ്ട്)

ചെലവ് :- 10,00,000 (ചെക്ക് നമ്പർ.152662 Dtd 06.03.2023)

ടി പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. 2020-2021 ൽ തെരുവ് വിളക്ക് പരിപാലനത്തിനായി അംഗീകാരം കിട്ടിയ ടി പ്രോജക്റ്റ് പ്രകാരം കരാറുകാരുമായി കരാറിൽ ഏർപ്പെടുന്നത് 20.02.2021 ലാണ്. കരാർ കാലാവധി അവസാനിച്ച തീയതി 20.02.2022 ആണ്.എന്നാൽ 30.08.2022 വരെ ടിയാൻ കരാർവ്യവസ്ഥകൾക്ക് വിധേയമായി അറ്റകുറ്റപണികൾ നടത്തിയ നടപടി 27.02.2023 ലെ പഞ്ചായത്ത് കമ്മിറ്റി 1(4) തീരുമാന പ്രകാരം സാധൂകരിച്ചതായി കാണുന്നു. കരാറുകാരൻ 01.01.2023ൽ സമർപ്പിച്ച ബില്ല് പ്രകാരം എല്ലാ വാർഡുകളിലുമായി 732 Double Tube, 518 Single Tube, 1625 Led Tube Light, 695 Led ബൾബ്, 1679 Auto LED എന്നിവ പരിപാലിച്ചതായി പറയുന്നു. എന്നാൽ വാർഡ് മെമ്പർമാർ ലെറ്റർ ഹെഡിൽ നൽകിയിട്ടുള്ള സാക്ഷ്യപത്രങ്ങളിൽ അതത് വാർഡുകളിലെ തെരുവ് വിളക്ക് പരിപാലിച്ചു എന്ന് മാത്രമേ സാക്ഷ്യപ്പെടുത്തിയിട്ടുള്ളു. ഓരോ വാർഡിലേയും ഇനം തിരിച്ചുള്ള വിവരങ്ങൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥരോ, വാർഡ് മെമ്പർമാരോ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത ബില്ലുകളുടെ അടിസ്ഥാനത്തിൽ കരാർ തുക നൽകിയത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 42 തീയതി 01.12.23) വാർഡ് മെമ്പർമാരുടേയും മോണിറ്ററിംഗ് സമിതിയുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ തുക നൽകിയിട്ടുള്ളതെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സമർപ്പിച്ച ബില്ലിന്റെ കൃത്യത പരിശോധിക്കണമെങ്കിൽ വാർഡ് തിരിച്ചുള്ള അറ്റകുറ്റപണികളുടെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ആയത് വാർഡ് മെമ്പർമാരും മോണിറ്ററിംഗ് സമിതിയും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ കരാറുകാരൻ അറ്റകുറ്റപണികൾ പൂർത്തികരിച്ചു എന്ന ഒറ്റവരി സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ബില്ലിന്റെ ആധികാരികത ഉറപ്പ് വരുത്താൻ ആവില്ല.

2. ടി പ്രവർത്തികൾക്കായി 13.08.2020 തീയതിയിൽ ടെണ്ടർ ക്ഷണിക്കുകയും 29.09.2020 ൽ റീടെണ്ടർ ക്ഷണിക്കുകയും , 23.10.2020 ൽ ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തിരുന്നു.എന്നാൽ ടെണ്ടർ/ക്വട്ടേഷൻ നോട്ടീസുകളിൽ പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്ക് ഇനമായ Automatic LED, മെയിന്റനൻസ് ഉൾപ്പെടുത്തിയിരുന്നില്ല. പഞ്ചായത്തിൽ ഓരോ വാർഡിലും നിലവിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങൾ (പോസ്റ്റ് നമ്പർ, ഇനം, എണ്ണം) ഉൾക്കൊള്ളുന്ന തെരുവ് വിളക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതായും കാണുന്നില്ല.

3. 04.11.2020 ലെ A1/2244/20ാം നമ്പർ ആയി ടി വർക്കിന് ക്വട്ടേഷൻ ക്ഷണിച്ചു. എന്നാൽ 4 കരാറുകാർ സമർപ്പിച്ച ദർഘാസുകളിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ജനീഷ്. എ എന്ന വ്യക്തിക്ക് , PWD Electricals B Class License ഉണ്ടാവണം എന്ന ടെണ്ടർ വ്യവസ്ഥ പാലിച്ചിട്ടില്ലാത്തതിനാൽ ടിയാനെ ഒഴിവാക്കി , L2 ആയ A One Agencies എന്ന

കരാറുകാരന് കരാർ നൽകാൻ 08.01.21 ലെ കമ്മിറ്റി V(1) പ്രകാരം തീരുമാനമെടുത്തു. എന്നാൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത വ്യക്തിയെ, സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കിയതിനെ തുടർന്ന്, L1 ആയി പിന്നീട് ഡിക്ലയർ ചെയ്യപ്പെട്ട A One Agencies എന്ന സ്ഥാപനവുമായി നോഗോസിയേഷൻ നടത്തിയതായി കാണുന്നില്ല.

തെരുവു വിളക്ക് പരിപാലനം സംബന്ധിച്ച പദ്ധതി നടത്തിപ്പിൽ, ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളും, സ്റ്റോർ പർച്ചേസ് ചട്ടങ്ങളും പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം വകയിരുത്തിയ തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | | 120000 | 51/23 ലക്ഷംവീട് നവീകരണം (ജനറൽ) | 16000 | |
| | | | 160000 | 52/23 ലക്ഷംവീട് നവീകരണം (എസ്.സി.പി) | 76403 | |
| | | | 641250 | 92/23 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 641250 | |
| | | | 200000 | 120/23 മാമ്പള്ളി പന്തടിക്കളം റോഡ് കോൺക്രീറ്റ് വാർഡ് 8 | 199332 | |
| | | | 1100000 | 104/23 ക്ഷീര സമൃദ്ധി | 1100000 | |
| ആകെ | | | | | 2032985 | |
| ജില്ലാ | 2022-23 | | 70000 | 148/23 ഹരിതഭവനം | 70000 | |

| | | | | | | |
|---|---|---|---|---|---|---|
| പഞ്ചായത്ത് | | | 240000 | 51/23 ലക്ഷംവീട് നവീകരണം (ജനറൽ) | 109218 | |
| | | | 320000 | 52/23 ലക്ഷംവീട് നവീകരണം (എസ്.സി.പി) | 155836 | |
| | | | 641250 | 92/23 സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 641250 | |
| | | | 700000 | 104/23 ക്ഷീര സമൃദ്ധി | 170282 | |
| ആകെ | | | | | 1146586 | |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് (വാർഷിക കണക്കുകൾ പ്രകാരം) | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് * |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1748462 | 2032985 | 3781447 | 2032985 | 1748462 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 554661 | 1146586 | 3781447 | 1146586 | 554661 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഫണ്ടിനം | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോ. നം. 13/23 പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ധനകാര്യ കമ്മിഷൻ അവാർഡ് | 266800 | 0 | 266800 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ | 2022-23 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം | 2021-22 B18 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|

| | പ്രകാരം മുന്നിരിപ്പ് | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1563040 | 0 | 1563040 | ലഭ്യമായിട്ടില്ല | 1563040 * |
| കെ.ഡബ്ല്യൂ.എ. | 3036769 | 0 | 3036769 | ലഭ്യമായിട്ടില്ല | 3036769 |
| പി.ഡബ്ല്യൂ.ഡി | 255000 | 0 | 255000 | ലഭ്യമായിട്ടില്ല | 255000 |

* പ്രോ. നം. 13/23 ലൂടെ 266800/- രൂപ കെ.എസ്.ഇ.ബി. ൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡിൽ ബുക്ക് ചെയ്യാത്തതിനാൽ വിനിയോഗ രേഖകൾ ലഭ്യമാകാതിരുന്നിട്ടും നീക്കിയിരിപ്പിൽ പ്രതിഫലിക്കുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

(വാർഷിക കണക്കുകൾ പ്രകാരം)

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | ജി.ഒ(എം.എസ്) 68/18 തീയതി 15.05.2018 | 52950801 | 725500 | 5229159 | 48447142 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം, തീയതി |
|---|---|---|---|---|---|
| 1 | 2018-19 | 3(1) | 24,000.00 | ശ്രീമതി. കലാവതി എം.എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1220107888, 14-03-2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം** (വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല).

| | |
|---|---|
| മുന്നിരിപ്പ് | 20453653 |
| ഓഡിറ്റ് വർഷത്തെ വരവ് | 62218369 |

| | |
|---|---|
| ആകെ | 82672022 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 54393071 |
| നീക്കിയിരിപ്പ് | 28278951 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 238650 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 19,499/- | ശ്രീ. സന്തോഷ് കുമാർ ജെ.എസ്., സെക്രട്ടറി, |
| 1-21 | 25,510/- | ശ്രീ. പ്രവീൺ, സെക്രട്ടറി, |
| 1-22 | 1,19,435/- | ശ്രീ. പ്രവീൺ, സെക്രട്ടറി |
| 1-28 | 65,496/- | ശ്രീമതി. മിനി കെ. നായർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-44 | 8,710/- | ശ്രീ. സന്തോഷ്കുമാർ ജെ.എസ്. സെക്രട്ടറി |
| ആകെ | 238650 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ. സന്തോഷ് കുമാർ ജെ.എസ്., സെക്രട്ടറി | ശ്രേയസ്, RRA48, രാമപുരം ലൈൻ അമ്പലമുക്ക്, മുക്കോലക്കൽ പി.ഒ. |
| ശ്രീ. പ്രവീൺ, സെക്രട്ടറി | ടി.സി. കോട്ടുമുകൾ, നാലാഞ്ചിറ, നാലാഞ്ചിറ പി.ഒ. |
| ശ്രീമതി . മിനി കെ. നായർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | തനിമ, ഉളിയൂർ, പഴകുറ്റി പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 4 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 6 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 4 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 3 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 20 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022 | 6 |
| 2017-18 | കെ.എസ്എ.റ്റി.വി.എം.ജി.പി5/827/2019. തീയതി. 09.07.2019 | 6 |
| 2018-19 | കെ.എസ്എ.റ്റി.വി.എം.ജി.പി.5/2038/2019. തീയതി. 07.12.2019 | 43 |
| 2019-20 | കെ.എസ്എ.റ്റി.വി.എം.ജി.പി.5/132/2019 തീയതി. 18.03.2022 | 32 |
| 2020-21 | കെ.എസ്എ.റ്റി.വി.എം.ജി.പി.5/863/2022 തീയതി. 24.06.2022 | 36 |
| 2021-22 | കെ.എസ്എ.റ്റി.വി.എം.ജി.പി.6/355/2023 തീയതി. 28.3.2023 | 31 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 24-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Poovachal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Poovachal Grama Panchayat for the year 2022-2023

**Date: 27/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Poovachal Grama Panchayat for the Year 2022-2023 .

**1.Major Observations**

1) Deficit balance for the institution Expendture (316437455/-) exceeds Income (304077576/-) as per Income & Expenditure Statement.

2) As per RP(40b), there is a balance of Rs.19011/- in Nationalized bank account of Own revenue fund. But the Bank statement and reconciliation statement were not produced for audit.

**2.Other Observations**

1. Mandatory financial statements prescribed in accounting rules are not submitted for audit. Eg;The financial ratios, notes to account.

2. Statement related to B-1 Shedule (Adjusted performance for the current year) has not been submitted with the annual financial statement.

3. Cash flow statement-Net increase in cash flow(7825298/-) doesnot match with the net cash generated through operating, financing and investing activities(-11299480/-)

4. As per Secretary's Treasury Bill Book, Rs.360000/- (Bill No.25 dated 08.02.2023) has been disbursed as marriage grant to widows' daughters.But the expenditure is not booked in Annual Financial Statement.

5. E tender fee due from various e tenders, as part of public works were not deposited in the bank account of the institution. Tender fee due for the institution is not mentioned in the accounts.

6. Non disclosure of expense due- Expenses due such as honorarium for members, fuel expenses due in the current financial year are not included in balance sheet as provision of expense due (B-9).

7. Cheques issued, but uncashed for more than three months were not transferred to Stale Cheque head. for example- uncashed cheques of IOB own fund account (10 numbers)

8. In the reconciliation statement of I.O.B. own fund account Rs. 181790/- is marked as uncashed cheques, out of which 19 cheques are post-dated. The chances of duplicated receipts is suspected and to be cleared.

9. Misclassification of Payment voucher- Though GST is charged at source by the institution, no amount is booked under the GST TDS heads in the AFS.

10. Demand registers does not match with AFS. For example profession tax, license fee etc

11. Asset register not updated, and not prepared on value basis, hence not comparable with AFS.

12. Lapses in making timely and accurate demand entries in respect of tax revenue.

For example, property tax demand entries have been made only on 31.03.2023, while demand entries are required to be made at the beginning of the financial year and every month thereafter.

13. Lack of authenticated journal vouchers for supporting the adjustment entries recorded in journal book. Some examples journal no 42201893, 42201906

14. Demand registers are not periodically reconciled with accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്